# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ഫെബ്രുവരി 2019 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

കുരിശിൻ ചുവട്ടിൽ ദിവ്യസുതന്റെ
സഹനങ്ങളത്രയും ഹൃദയത്തിലേറ്റുവാങ്ങിയ
പരിശുദ്ധ അമ്മേ,
ജീവിതകുരിശുകൾക്കു മുമ്പിൽ
ഞങ്ങൾ തളർന്നു വീഴാതിരിക്കാൻ
അങ്ങേ സാന്നിദ്ധ്യത്താൽ
ഞങ്ങളെ ശക്തിപ്പെടുത്തണമേ.



പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 37 ലക്കം നോമ്പ് ഫെബ്രുവരി 2019

***"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"*** (1 തെസ 4,3)

## ഉള്ളടക്കം


- കുരിശ് അപമാനമല്ല, അലങ്കാരമാണ് 05
- അരൂപിയിൽ മിശിഹായോടൊത്ത് 07
- സ്വർഗത്തിലെ സന്തോഷം 09
- ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 12
- സെനക്കിൾ തരംഗം 15
- രക്ഷയുടെ മാർഗം 16
- കാവലാൾ 18
- നോഹ 20
- ജീവിതവിശുദ്ധിയുടെ തിരുശേഷിപ്പ് 22
- പീഡിപ്പിക്കപ്പെടുമ്പോഴും... 23
- നിസ്സഹായനായ സർവശക്തൻ 26
- അനുഗൃഹീതമീ സഹനം 28
- വിഭൂതി ആചരണം 30
- വി. അലോഷ്യസ് ഗോൺസാഗ 32
- അമ്മയോടൊപ്പം 34


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രൊസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

എഡിറ്റോറിയൽ



# ശക്തിപ്പെടുത്തുന്ന സാന്നിദ്ധ്യം


**ഏ**റ്റവും നിന്ദ്യവും അതികഠോരവുമായ പീഡാസഹനത്തെയും കുരിശുമരണത്തെയും മുന്നിൽ കണ്ടുകൊണ്ടുള്ള ഈശോയുടെ ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങളാണ് അന്ത്യത്താഴത്തിനുശേഷമുള്ള ഗത്സേമനിയനുഭവം. ശിഷ്യന്മാരോടൊപ്പം ഗത്സേമനിയിൽ എത്തിയ ഈശോ തന്റെ പ്രിയശിഷ്യരായ "പത്രോസിനെയും സെബദിയുടെ ഇരുപുത്രന്മാരെയും കൂടെക്കൊണ്ടുപോയി, ദുഃഖിക്കാനും അസ്വസ്ഥനാകാനും തുടങ്ങി. അവൻ അവരോടു പറഞ്ഞു: തീവ്രദുഃഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു. നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക" (മത്താ 26,37-38). സാധ്യമെങ്കിൽ ഈ പാനപാത്രം അകന്നുപോകട്ടെ എന്ന് മൂന്നുവട്ടം പ്രാർത്ഥിച്ച ഈശോ, 'എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ' എന്ന് മൂന്നു പ്രാവശ്യവും കൂട്ടിച്ചേർക്കാൻ മറന്നില്ല. രക്തത്തുള്ളികൾ വിയർക്കുവോളം കഠിനമനോവേദന അനുഭവിച്ച ഈശോയ്ക്ക് താങ്ങാവാൻ കൂടെവന്ന ശിഷ്യർക്കുമായില്ല. ഒപ്പമായിരുന്ന് ഈശോയുടെ വേദനയുടെ ആധിക്യം മനസ്സിലാക്കേണ്ടവർ അതിനാവാതെ ഈശോയ്ക്ക് അന്യരായി മാറുകയാണ്. "അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു" (ലൂക്കാ 22,43).

നമ്മുടെയൊക്കെ ജീവിതത്തിലുമുണ്ടാകാം വ്യത്യസ്തങ്ങളായ ഗത്സേമനിയനുഭവങ്ങൾ. സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള 'പാനപാത്രങ്ങൾ' നമുക്കു ലഭിക്കുമ്പോൾ പ്രാർത്ഥനയിൽ അഭയം തേടാം. ജീവിതസഹനങ്ങൾ അകറ്റണമേ എന്നു യാചിക്കുന്നുവെങ്കിൽ അതോടൊപ്പം 'അവിടുത്തെ ഹിതം നിറവേറട്ടെ' എന്ന് കൂട്ടിച്ചേർക്കാൻ നമുക്കു മറക്കാതിരിക്കാം. സഹനങ്ങളുടെമുമ്പിൽ ഒരുപക്ഷേ നാം പ്രതീക്ഷിക്കുന്ന മാനുഷികമായ എല്ലാ അവലംബങ്ങളും അടഞ്ഞ അദ്ധ്യായങ്ങളായി മാറാം. എങ്കിലും കർത്താവിന്റെ ദൂതൻ നമ്മെ ശക്തിപ്പെടുത്താനായി കടന്നുവരും. നാമൊക്കെ കർത്താവിന്റെ ദൂതന്മാരായി മാറേണ്ടവരാണ് എന്നതും ചിന്താവിഷയമാക്കേണ്ടതുണ്ട്. വേദനിക്കുന്നവർക്കു മുമ്പിൽ ആവശ്യമായ മാനുഷികസഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞാൽ അവർക്കു നാം സ്വർഗത്തിലെ മാലാഖമാരാകും. നിസ്സംഗരായി, ഉറങ്ങി വിശ്രമിക്കുന്നവരാകാതെ 'എഴുന്നേല്ക്കുവിൻ സമയമായി' (മത്താ 26,45-46) എന്ന ഈശോയുടെ ആഹ്വാനത്തിനു കാതോർത്ത് ജീവിക്കുവാൻ നമുക്കു പരിശ്രമിക്കാം. അതിനുള്ള കരുത്ത് ഈ നോമ്പുകാലം നമുക്കു പ്രദാനം ചെയ്യട്ടെ.

ചീഫ് എഡിറ്റർ

# കുരിശ് അപമാനമല്ല, അലങ്കാരമാണ്

**ഡോ. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



**അ**വന്റെ മുഖത്തേയ്ക്കു നോക്കിയവരെല്ലാം പകച്ചുപോയി! ക്രൂരമായ പീഡകളേറ്റ് കഠോരവേദനയാൽ നീറുന്ന അവിടുത്തെ മനസ്സ് പക്ഷേ, തന്നെ നോക്കിയവരോടെല്ലാം പറഞ്ഞത് ഒരേയൊരു സത്യം... ഈ കഠോരവേദന രക്ഷാകരമാണ്! സഹനങ്ങളാൽ ആ ശരീരം വൈരൂപ്യമാക്കപ്പെട്ടത് മനുഷ്യകുലത്തിന് പാപം മൂലമുണ്ടായ വൈരൂപ്യങ്ങളെ നീക്കാനും നിർമ്മലരാക്കാനുമായിരുന്നു. നോമ്പുകാലം നമ്മെ വീണ്ടും ക്ഷണിക്കുകയാണ് ആത്മശരീരവിശുദ്ധിയിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്തുവാൻ... ഈശോമിശിഹായാകുന്ന കണ്ണാടിയുടെ മുമ്പിലിരുന്ന് സ്വന്തം ജീവിതത്തെ പുനർവായന നടത്തുവാൻ... കണ്ണാടിയിൽനോക്കി സ്വന്തം കുറവുകളെ, അഴുക്കുപുരണ്ട ജീവിതമേഖലകളെ കണ്ടെത്തി ഒരു ശുദ്ധസ്നാനത്തിന് തന്നെത്തന്നെ വിട്ടുകൊടുക്കുന്ന മനുഷ്യൻ അനുഗ്രഹമായിത്തീരുകയാണ്. അതിനുള്ള മാർഗമാകട്ടെ സഹനവും! പ്രപഞ്ചത്തിലുടനീളം പല പ്രതീകങ്ങളിലൂടെ മിശിഹാ തന്റെ സഹനങ്ങളുടെ രഹസ്യങ്ങൾ വെളിവാക്കുന്നുണ്ട്. അവയോരോന്നും നമ്മെ പ്രബോധിപ്പിക്കാൻ കടന്നുവരികയാണ്.

പാപത്തിന്റെ ദുർഗന്ധത്തെ അകറ്റുന്ന സുഗന്ധദ്രവ്യമാണ് ഈശോമിശിഹാ. അഗ്നിയിലേക്ക് എറിയപ്പെടുന്ന സുഗന്ധദ്രവ്യങ്ങൾ എരിഞ്ഞില്ലാതായി പരിമളം പരത്തുന്നതുപോലെ സഹനത്തിന്റെ തീച്ചൂളയിൽ വെന്തുരുകിയ ഈശോമിശിഹാ മനുഷ്യവർഗത്തിന്റെ പരിമളമാണ്.

പാപമാകുന്ന കയ്പിനെ രുചിച്ച മനുഷ്യവർഗത്തിന് അമൃതായിരുന്നു അവിടുന്ന്. തന്നെ സ്വീകരിക്കുന്നവരിൽ അലിഞ്ഞുചേർന്ന് തന്റെ അസ്തിത്വം വെടിഞ്ഞാൽമാത്രമേ രോഗങ്ങൾ നീക്കി, ആരോഗ്യം പ്രദാനം ചെയ്ത് ശക്തി പകരാൻ തേനിനു കഴിയൂ... പാപത്തിന്റെ ഫലമായ രോഗങ്ങൾ നീക്കുന്ന മരുന്നായി അവിടുന്നു മാറി.

ക്ലേശിക്കുന്നവർക്ക് തന്റെ ക്ലേശങ്ങളാൽ ജീവൻ നല്കാൻ മിശിഹാ സർവക്ലേശങ്ങളും ഏറ്റെടുത്തു. ഗോതമ്പുമണിപോലെ, ഇടിക്കലിനും പൊടിക്കലിനും വിധേയനായി അവിടുന്നു ജീവന്റെ അപ്പമായി മാറി. ചക്കിലിട്ടാട്ടുന്നവർക്ക് മുന്തിരിനീര് സന്തോഷം പകരുന്നതുപോലെ തന്നെ പീഡിപ്പിച്ചവർക്കും ക്രൂശിച്ചവർക്കും അവിടുന്ന് ആനന്ദം പകരുന്ന മാധുര്യമുള്ള വീഞ്ഞായി മാറി. തന്നെ ക്രൂശിച്ചവരിലേക്കും തന്റെ മാധുര്യം ഒഴുക്കുന്ന കാരുണ്യസാഗരം!

കർഷകൻ കലപ്പകൊണ്ടു കീറിമുറിക്കുമ്പോൾ അതിന്റെ വേദനയിൽ ഭൂമി രോഷംകൊള്ളുന്നില്ല. അതിന്റെ വേദനയിലൂടെ തന്റെ ഉൾഭാഗവും നിക്ഷേപങ്ങളും അതു തുറന്നുകൊടുക്കുന്നു. വിത്തിന് വളരാൻ തന്റെ മാറിടം പിളരുന്ന ഭൂമിയെപ്പോലെ മിശിഹായുടെ പാർശ്വം പിളർക്കപ്പെട്ടു. അവിടെനിന്നൊഴുകുന്ന വെള്ളത്താലും രക്തത്താലും സഭ ഫലഭൂയിഷ്ടയായി വളരാൻ...

പവിഴമുത്തുകൾ മനുഷ്യമക്കൾക്ക് ആഭരണമായി മാറുന്നതെങ്ങനെയാണ്? ഇരുമ്പുമുനയുള്ള ഉപകരണംകൊണ്ട് അത് തുളയ്ക്കപ്പെടുമ്പോൾ... മനുഷ്യകുലത്തിന് അലങ്കാരമായി മാറാൻ മിശിഹായും ആണികളാൽ കുരിശിൽ തറയ്ക്കപ്പെടുകയും തുളയ്ക്കപ്പെടുകയും ചെയ്തു. തന്റെ സഹനത്തിന്റെ ആധിക്യത്താൽ മനുഷ്യകുലത്തെ അണിയിക്കുന്ന വിശിഷ്ട ആഭരണമായി അവിടുന്നു മാറി. കുരിശാണ് മനുഷ്യവംശത്തിന്റെ അഭിമാനത്തിന്റെ ആഭരണം. അപമാനത്തിൽനിന്നും അഭിമാനത്തിലേക്ക് നമ്മെ നയിക്കാൻ അവിടുത്തെ സഹനമാണ് കാരണമായത്. വെട്ടിയെടുക്കുന്ന കല്ലുകൾ കെട്ടിപ്പൊക്കി മനുഷ്യർ നിർമ്മിക്കുന്ന കൂടാരങ്ങളും മതിലുകളും ആപത്തിലും യുദ്ധങ്ങളിലും അഭയസങ്കേതങ്ങളാകുന്നതുപോലെ സഹനദാസനായ മിശിഹായാകുന്ന മൂലക്കല്ലിൽ തീർത്ത സഭയാണ് മനുഷ്യകുലത്തിനു മുഴുവൻ രക്ഷാശിലയും അഭയസ്ഥാനവും. ഈശോമിശിഹായുടെ സഹനങ്ങളെ സൃഷ്ടപ്രപഞ്ചത്തിലെ അനേകം പ്രതീകങ്ങൾ പ്രതിഫലിപ്പിക്കുമ്പോൾ മാർഗ്ഗവാസികളുടെ, മിശിഹായുടെ വഴി പിന്തുടരുന്ന മക്കളുടെ ഓഹരിയും സഹനമല്ലാതെ മറ്റൊന്നല്ല എന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ.

വിശുദ്ധിയുടെ പരിമളം പരത്തുവാൻ മിശിഹായാകുന്ന ശുദ്ധീകരിക്കുന്ന അഗ്നിയിൽ എറിയപ്പെടാൻ, വിട്ടുകൊടുക്കുവാനുള്ള ധൈര്യവും സന്മനസ്സും കൂടുതൽ ആർജ്ജിക്കുവാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുകയാണ്. സാന്നിദ്ധ്യവും സഹവാസവുംകൊണ്ട് സഹോദരങ്ങൾക്ക് സൗഖ്യത്തിന്റെ അമൃതാകുവാൻ സ്വയം ഇല്ലാതാകണമെന്ന് ദിവ്യഭിഷഗ്വരൻ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനഫലങ്ങൾ പുറപ്പെടുവിച്ച് അപ്പമായി മാറാൻ സ്വയം അഴിയേണ്ടതുണ്ട്. നമ്മെ ദ്രോഹിക്കുന്നവരിലേക്ക് കാരുണ്യത്തിന്റെ കരങ്ങൾ നീട്ടണമെങ്കിൽ നമ്മുടെ കരങ്ങളും ഹൃദയവും ക്രൂശിതനിലേക്ക് ഉയർത്തുകയും അവനിൽനിന്നു പഠിക്കുകയും ചെയ്യണം. സഹനങ്ങളിലൂടെ പിളർക്കപ്പെടുന്ന അനുഭവം നമ്മുടെ ആന്തരിക നിക്ഷേപങ്ങളിലേക്കുള്ള ഒരു എത്തിനോട്ടമായി കാണാൻ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾ തുറക്കപ്പെടണം. സഹനത്തിന്റെ നേട്ടങ്ങളെ ഉൾക്കൊണ്ട് മിശിഹാനുയായികളാകാൻ ക്രൂശിൽ തറയ്ക്കപ്പെട്ടവനിലേക്ക് സ്തുതികളുയർത്താം: "നമ്മുടെ മോചനത്തിനായി കുഞ്ഞാടായിത്തീർന്ന ഇടയൻ അനുഗൃഹീതനാകുന്നു. നിശബ്ദനായിരിക്കുകയും നിന്ദിക്കപ്പെടുകയും ചെയ്തവൻ അനുഗൃഹീതനാകുന്നു. അവിടുന്ന് രണ്ടുകൊണ്ടും ജീവൻ തിരികെ തന്നു. നമ്മുടെ രക്ഷയുടെ കാസാ ആയിത്തീർന്ന മുന്തിരിവള്ളി അനുഗൃഹീതമാകുന്നു. വിതയ്ക്കപ്പെട്ട ഗോതമ്പുമണിയും കൊയ്തെടുക്കപ്പെട്ട കറ്റയും ആയിത്തീർന്ന കർഷകൻ അനുഗൃഹീതനാകുന്നു. നമ്മുടെ അഭയഗോപുരമായിത്തീർന്ന പ്രധാന പണിക്കാരൻ അവിടുന്നാകുന്നു. നമ്മുടെ മർത്യതയെ ജീവിപ്പിക്കാനായി അവിടുത്തെ ശരീരം നമ്മുടെ അപ്പമായിത്തീർന്നു. നമ്മുടെ ആത്മാവിനെ മുദ്ര കുത്തി അലങ്കരിക്കുകയും തന്റെ മണവാട്ടിയാക്കിത്തീർക്കുകയും ചെയ്തവൻ വാഴ്ത്തപ്പെടട്ടെ" (മാർ അപ്രേം, മനുഷ്യാവതാരഗീതം 3).

# അരൂപിയിൽ മിശിഹായോടൊത്തുള്ള ജീവിതം



മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**ഈ**ശോയുടെ ശാരീരികമായ വേർപാടിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ശിഷ്യരിൽ ദുഃഖമുളവാക്കി: "ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്ക് പോവുകയാണ്. ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു" (യോഹ 16,5-6). എന്നാൽ അത് അവരുടെ നന്മയ്ക്കുവേണ്ടിയാണെന്ന് അവരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുവാൻ ഈശോ ശ്രമിക്കുകയാണ്. തന്റെ രക്ഷാകരമായ മരണത്തിലൂടെ ശാരീരികമായി വേർപെട്ടുപോയാൽമാത്രമേ, ഉത്ഥാനത്തിലൂടെ അരൂപിയിൽ അവരുടെ പക്കലേക്ക് തിരിച്ചുവരാൻ തനിക്കു സാധിക്കൂ എന്നു പറഞ്ഞ് ഈശോ അവരെ ആശ്വസിപ്പിക്കുന്നു: "എങ്കിലും സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും" (യോഹ 16,7).

## പരിശുദ്ധാരൂപി മിശിഹായുടെ അരൂപി

പരിശുദ്ധാരൂപിയെ വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ 'സഹായകൻ' എന്നാണ് വിശേഷിപ്പിക്കുന്നത്. ഗ്രീക്കു ഭാഷയിലെ "പാരക്ലേത്തോസ്" എന്ന വാക്കിന്റെ അർത്ഥം "അടുത്തേക്കു വിളിക്കപ്പെട്ടവൻ" എന്നാണ്. ഒരാളെ നാം അടുത്തേക്കു വിളിക്കുന്നത് സഹായത്തി

നാണല്ലോ. മിശിഹായിലുള്ള ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കുന്നത് ഈ സഹായകനായ പരിശുദ്ധാരൂപിയാണ്. 'യോഹന്നാന്റെ പന്തക്കുസ്താ' എന്നറിയപ്പെടുന്ന യോഹ 20,22 ൽ ഈശോ തന്റെ ശിഷ്യർക്ക് പരിശുദ്ധാരൂപിയെ നല്കുന്നത് അവരുടെമേൽ നിശ്വസിച്ചുകൊണ്ടാണ്: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിലൂടെ അവർ സ്വീകരിക്കുന്നത് ഈശോയെത്തന്നെയാണ്. അരൂപിയിൽ ഈശോയോടൊപ്പമുള്ള ജീവിതമാണ് ക്രൈസ്തവജീവിതമെന്ന് ഇതു വ്യക്തമാക്കുന്നു.

### മിശിഹായിലുള്ള വിശ്വാസത്തിൽ നിലനില്ക്കുന്ന ജീവിതം

സഹായകനായ പരിശുദ്ധാരൂപിയുടെ പ്രവർത്തനം മിശിഹായിലുള്ള വിശ്വാസത്തിൽ നമ്മെ നിലനിർത്തുകയും വളർത്തുകയും ചെയ്യുക എന്നുള്ളതാണ്: "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും" (യോഹ 16,8). ഇവിടെ 'ലോകം' എന്നു പറയുന്നത് നമ്മിലുള്ള ലോകത്തെക്കുറിച്ചാണ്: "അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനി മേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും" (യോഹ 16,9-11). നാം വിശ്വാസികളാണെങ്കിലും പാപബദ്ധരായ മനുഷ്യരാണ്. നാം പാപം ചെയ്ത് വിശ്വാസവിരുദ്ധമായ നിലപാടു സ്വീകരിക്കുമ്പോൾ നമ്മെ കുറ്റപ്പെടുത്തി അനുതാപത്തിലേക്കു നയിച്ച് വീണ്ടും വിശ്വാസജീവിതത്തിൽ അരൂപി നമ്മെ പുനരുദ്ധരിക്കും. അതുപോലെതന്നെ, തന്റെ മഹത്ത്വീകരണത്തിലൂടെ പാപത്തെ കീഴടക്കി 'നീതി' അഥവാ 'വിശുദ്ധി' പുനഃസ്ഥാപിച്ചവനാണ് ഈശോ എന്നും, വിശ്വസിക്കാത്ത ലോകം ന്യായവിധിക്ക് അർഹമാണെന്നുമുള്ള ബോദ്ധ്യം നമ്മിൽ ഉളവാക്കുകയും ചെയ്യും (16,9-11).

### മിശിഹായിലുള്ള വിശ്വാസത്തിൽ വളരുന്ന ജീവിതം

ഈശോയിലുള്ള വിശ്വാസം വളരേണ്ട വിശ്വാസമാണ്. തങ്ങളോടൊപ്പം ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത് ഈശോ പറഞ്ഞ കാര്യങ്ങൾ പലതും ശിഷ്യന്മാർക്കു മനസ്സിലാക്കുവാനും ഗ്രഹിക്കുവാനും കഴിഞ്ഞില്ല. ഉത്ഥാനശേഷം പരിശുദ്ധാരൂപിയെ, ഈശോയുടെ അരൂപിയെ, സ്വീകരിച്ചതിനുശേഷമാണ് വിശ്വാസപരമായ പല കാര്യങ്ങളും മനസ്സിലാക്കുവാനും ജീവിക്കുവാനും കഴിഞ്ഞത്: "ഇനിയും വളരെക്കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (യോഹ 16,12-13). പ്രബോധകനായ പരിശുദ്ധാത്മാവ് ഈശോയുടെ ആത്മാവുതന്നെയാണ്: "അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്ത്വപ്പെടുത്തും. പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്" (യോഹ 16,14-15). ഈശോയുടെ ആത്മാവിന്റെ, പ്രവർത്തനഫലമായിട്ട് നമുക്കു വിശ്വാസജീവിതത്തിൽ വളർച്ചയുണ്ടാകും. അരൂപിയോട് സഹകരിച്ചുകൊണ്ട് മിശിഹായിലുള്ള വിശ്വാസം പഠിക്കുവാനും മനസ്സിലാക്കുവാനും അതിനനുസൃതമായ ജീവിതം നയിക്കുവാനും നിരന്തരമായി നാം പരിശ്രമിച്ചുകൊണ്ടിരിക്കണം.

ഇപ്രകാരം മിശിഹായുടെ അരൂപിയെ സ്വീകരിച്ചും മിശിഹായുടെ അരൂപിയാൽ നയിക്കപ്പെട്ടും മിശിഹായിലുള്ള വിശ്വാസത്തിൽ നിലനിന്നും വിശ്വാസം പഠിച്ചും പ്രായോഗികമാക്കിയും മിശിഹായിലുള്ള വിശ്വാസത്തിൽ വളർന്നും അവിടുത്തോടൊത്തു ജീവിക്കുന്നതാണ് യഥാർത്ഥ ക്രൈസ്തവജീവിതം.

# സ്വർഗത്തിലെ സന്തോഷം



വത്സമ്മ മുളവന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒ**രു മനുഷ്യൻ മരിച്ച് സ്വർഗകവാടത്തിൽ എത്തി. പത്രോസിന്റെ അടുത്തെത്തി പറഞ്ഞു: "എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കണമെ". പത്രോസ് പറഞ്ഞു: ''അങ്ങനെ പെട്ടെന്നു കടത്തിവിടാനൊക്കില്ല. നിങ്ങളുടെ ലോകജീവിതത്തിന്റെ കണക്കു നോക്കിയേ തീരുമാനിക്കാനാവൂ. നിങ്ങളുടെ പേരെന്താണ്?" "എന്റെ പേര് പൗലോസ്. എനിക്ക് സ്വർഗത്തിൽ പ്രവേശിക്കാനുള്ള എല്ലാ യോഗ്യതയുമുണ്ട്. ഞാൻ എന്നും പള്ളിയിൽ പോയിരുന്നു. ആരെയും ഞാൻ വഞ്ചിച്ചിട്ടില്ല. കുടുംബജീവിതത്തിലെ കടമകളൊക്കെ നന്നായി ചെയ്തിട്ടുണ്ട്''. മാലാഖാ ബുക്കു നോക്കിയിട്ടു പറഞ്ഞു: "സ്വർഗത്തിൽ പ്രവേശിക്കാനുള്ള യോഗ്യതയില്ല. കുറച്ചു കുറവുണ്ട്". "കുറവോ?" പൗലോസ് അതിശയത്തോടെ ചോദിച്ചു. അതിനു സാധ്യതയില്ല". പത്രോസ് പറഞ്ഞു: "എവിടെയോ അല്പം കുറവു വന്നിട്ടുണ്ട്". "അങ്ങനെ പറയല്ലേ"... അയാൾ കേണു. പത്രോസ് പറഞ്ഞു: "നിങ്ങളുടെ നല്ല ജീവിതത്തെ പരിഗണിച്ച് ഒരു ആനുകൂല്യം തരാം. നിങ്ങൾ ഭൂമിയിൽ പോയി ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വസ്തു കൊണ്ടുവരണം. അധികം ദിവസം തരില്ല". അയാൾ വിഷമത്തോടെ പോയി. പിന്നീട് അയാൾ ഒരു കൊച്ചുകുപ്പി കൊണ്ടുവന്ന് പത്രോസിന്റെ കൈയിൽ കൊടുത്തു. "ഇതാ, ദൈവത്തിനു ഇഷ്ടപ്പെട്ട വസ്തു കൊണ്ടുവന്നിട്ടുണ്ട്". "എന്താണ് ഇത്"? "ഇത് രാജ്യത്തി

നുവേണ്ടി പടപൊരുതി ധീരമരണം വരിച്ച പട്ടാളക്കാരന്റെ ചുടുരക്തമാണ്".

പത്രോസ് പറഞ്ഞു: "ഇതു നല്ലതുതന്നെ. പക്ഷേ ഇതല്ല ദൈവത്തിന് ഇഷ്ടപ്പെട്ട വസ്തു. നിങ്ങൾക്കിനി രണ്ടു ചാൻസുകൂടിയേ ഉള്ളൂ. പോയി വരൂ". അയാൾ ഏതാനും ദിവസം കഴിഞ്ഞ് കയ്യിൽ ഒരു മനോഹരമായ പെട്ടിയുമായി വന്നു വാതിലിൽ മുട്ടി. കതകു തുറന്ന പത്രോസിന് അയാൾ പെട്ടി കൊടുത്തു. എന്താണ് ഇത് എന്നു പത്രോസ് ചോദിച്ചു. "ഇത് വർഷങ്ങളായി നല്ല ക്രിസ്തീയജീവിതവും നല്ല കുടുംബജീവിതവും നയിച്ച ദമ്പതികളിൽ, ഭർത്താവു മരിക്കുന്ന സമയത്തു ഭാര്യ കൊടുത്ത സ്നേഹചുംബനം ചൂടോടെ പെട്ടിയിലാക്കി കൊണ്ടുവന്നതാണ്". പത്രോസ് ചിരിച്ചുകൊണ്ടു പറഞ്ഞു: "നല്ലതാണ്. പക്ഷേ ഇതല്ല ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വസ്തു". അയാൾ വിഷമത്തോടെ വീണ്ടും പോയി. കുറേ ദിവസങ്ങൾക്കുശേഷം അയാൾ ഒരു വലിയ കെട്ടുമായി വന്നു. പത്രോസിനോടു പറഞ്ഞു: "ഇത് ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെടും". പത്രോസ് തുറന്നുനോക്കി. അയാൾ പറഞ്ഞു: "ഇത് ഒരു സിസ്റ്റർ വിവിധ കോഴ്സുകളിൽ സംബന്ധിച്ച് വിജയിച്ചതിന്റെ സർട്ടിഫിക്കറ്റുകൾ. മറ്റൊരു പെട്ടി കൊടുത്തിട്ട് അയാൾ വീണ്ടും പറഞ്ഞു: "ഇതെല്ലാം സഭയ്ക്കുവേണ്ടി രാപകൽ അധ്വാനിച്ചതിനും സുവിശേഷപ്രസംഗം നടത്തിയതിനും ഒരു നല്ല വൈദികനു കിട്ടിയ അവാർഡുകൾ". പത്രോസ് പറഞ്ഞു: "ഇതെല്ലാം വളരെ നല്ലതാണ്. പക്ഷേ ഇതൊന്നുമല്ല ദൈവത്തിന് പ്രീതികരമായത്. ഇതൊക്കെ ഭൂമിയിൽ ലഭിച്ച അംഗീകാരങ്ങളല്ലേ? ഒരവസരംകൂടി തരുന്നു. ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വസ്തു കൊണ്ടുവന്നാൽ നിങ്ങൾക്കു സ്വർഗത്തിൽ കയറാം. അല്ലെങ്കിൽ കുറച്ചുനാൾ ശുദ്ധീകരണസ്ഥലത്തു കിടക്കണം". ഒന്നുകൂടി ശ്രമിക്കാം എന്നു പറഞ്ഞ് അയാൾ വീണ്ടും യാത്രയായി.

അയാൾ ഭൂമിയിൽ ചെന്നപ്പോൾ ഒരു പള്ളിയുടെ വാതിൽക്കൽനിന്ന് പൊട്ടിക്കരയുന്ന ഒരു മനുഷ്യനെ കണ്ടു. പൊട്ടികരഞ്ഞുകൊണ്ട് നെഞ്ചത്തടിച്ച് അയാൾ പറയുകയാണ്, "എന്റെ കർത്താവേ, ഈ പാപിയായ അന്തോണിയോടു ക്ഷമിക്കണമെ. അന്തോണി ഒത്തിരി തെറ്റു ചെയ്തിട്ടുണ്ട്. കള്ളു കുടിച്ചിട്ടുണ്ട്. വലിച്ചിട്ടുണ്ട്. ഭാര്യയെയും മക്കളെയും ഉപദ്രവിച്ചിട്ടുണ്ട്. അയൽക്കാരോടു വഴക്കു പിടിച്ചിട്ടുണ്ട്. കുർബാനയും കുമ്പസാരവും വർഷങ്ങളായിട്ടില്ല. വൈദികരെയും സന്ന്യാസികളെയും അനാവശ്യം പറഞ്ഞിട്ടുണ്ട്. ദൈവമേ, നല്ല കള്ളനോടു കരുണ കാണിച്ചതുപോലെ എന്നോടും കരുണ കാണിക്കണമേ. ഈ അന്തോണിയോടു ക്ഷമിക്കണമേ".

പെട്ടെന്നുണ്ടായ ഒരു ഉൾപ്രേരണയാൽ ആ മനുഷ്യന്റെ കണ്ണുനീർ പൗലോസ് തന്റെ കൈയിലിരുന്ന കുപ്പിയിൽ ശേഖരിച്ചു. വീണ്ടും അയാൾ സ്വർഗത്തിലെത്തി പത്രോസിനോടു പറഞ്ഞു: "ഈ പ്രാവശ്യം ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ട വസ്തുതന്നെ കൊണ്ടുവന്നിട്ടുണ്ട്. ഇതാ ഇതു വാങ്ങി ദൈവത്തിനു കൊടുക്കൂ. എന്നെ സ്വർഗത്തിലേക്കു കയറ്റൂ". പത്രോസ് ശ്ലീഹാ ചോദിച്ചു: "എന്താണിത്?" പൗലോസ് പറഞ്ഞു: "ഒരു പാപിയായ മനുഷ്യൻ ദൈവാലയവാതിൽക്കൽനിന്ന് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് പൊട്ടിക്കരഞ്ഞുകൊണ്ടിരുന്ന സമയത്ത് ഞാൻ ശേഖരിച്ച ചുടുകണ്ണീരാണിത്. പത്രോസ് പറഞ്ഞു: "കൊള്ളാം. അവസാനം നിങ്ങൾ വിജയിച്ചിരിക്കുന്നു. പാപികളുടെ പശ്ചാത്താപത്തിന്റെ കണ്ണീരാണ് ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ടത്".

അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15,7) എന്നും അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ ദൂതന്മാരുടെ മുമ്പിൽ സന്തോഷമുണ്ടാകും (ലൂക്കാ 15,10) എന്നും തിരുവചനം പറയുന്നുണ്ടല്ലോ. മാനസാന്തരമാണ് ഈശോയുടെ പ്രസംഗത്തിന്റെ ആദ്യവിഷയം. അവൻ അരുൾചെയ്തു: "സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15). ഈശോയ്ക്കു വഴിയൊരുക്കിയ സ്നാപകയോഹന്നാനും പ്രസംഗിച്ചതു മാനസാന്തരത്തെക്കുറിച്ചായിരുന്നു.

മാനസാന്തരമെന്നത് ദൈവത്തിന്റെ സ്നേഹത്തിലേക്കുള്ള തിരിച്ചുവരവാണ്. മാനസാന്തരം സംഭവിക്കുന്നത് ഒരുവൻ തന്റെ പാപാവസ്ഥയെ അംഗീകരിച്ച് അതേറ്റുപറയുമ്പോഴാണ്. പഴയ ജീവിതം ഉപേക്ഷിച്ച് പുതിയ സൃഷ്ടിയായിത്തീരാനുള്ള തീരുമാനം എടുക്കണം. ഒരിക്കലും വേർപെടുത്താനാവാത്തവിധം ദൈവത്തിന്റെ സ്നേഹത്തിലുറപ്പിക്കപ്പെട്ടവരെല്ലാം പശ്ചാത്താപത്തിലൂടെ മാനസാന്തരത്തിലേക്കു കടന്നുവന്നവരാണ്. മഗ്ദലനമറിയം, വി. പത്രോസ്, വി. പൗലോസ് എന്നിവരെല്ലാം ഇതിനുദാഹരണങ്ങളാണ്.

കാലത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു ജീവിക്കുന്ന ഇന്നിന്റെ മനുഷ്യന് പാപബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ നോമ്പുകാലത്തിൽ ഭക്ഷണം ഉപേക്ഷിക്കുക എന്നതിനെക്കാൾ ഉപരിയായി, എന്നിൽ പാപകടങ്ങൾ ഉണ്ടെന്നും ഞാൻ പാപിയായ മനുഷ്യനാണെന്നും ഉള്ള ബോധ്യം ഉൾക്കൊള്ളാനും അനുതപിച്ച് പാപക്കറകൾ കഴുകിക്കളഞ്ഞ് മാനസാന്തരപ്പെട്ട് ഒരു പുതിയ ജീവിതം നയിക്കാനും പ്രതിജ്ഞയെടുക്കാം.

> "കർത്താവ് അരുളിച്ചെയ്യുന്നു, വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും"
>
> (ഏശ 1,18)

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



ആനന്ദിച്ച് ആഹ്ലാദിക്കുവിൻ-5

# ദൈവത്തിന് ഏറ്റവും പ്രീതികരമായ ആരാധന

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**പ്രാ**ർത്ഥനയും ആരാധനയും ധാർമ്മിക നിയമങ്ങളുടെ പാലനവും നല്ലതും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതുമാണ്. ദൈവവുമായുള്ള ബന്ധവും പ്രാർത്ഥനയും പരമപ്രധാനങ്ങളാണ്. എന്നാൽ അപരനോടുള്ള സ്നേഹപ്രതിബദ്ധത പ്രവൃത്തികളിലൂടെ നാം പ്രകടമാക്കുമ്പോഴാണ് നമ്മുടെ ആരാധന ദൈവത്തിന് പ്രീതികരമായിത്തീരുന്നത്.

നമ്മുടെ പ്രാർത്ഥനകൾ സത്യസന്ധമാണോയെന്ന് തിരിച്ചറിയാനുള്ള നല്ലവഴി നാം കാരുണ്യ പ്രവൃത്തികളിൽ എത്രമാത്രം ഉത്സുകരാണെന്ന് വിലയിരുത്തുന്നതാണ്. നമ്മുടെ കരുണയുള്ള പ്രവർത്തനങ്ങൾ നാം ദൈവമക്കളാണെന്ന് നിർണ്ണയിക്കുന്ന മാനദണ്ഡമാണ്. സഹോദരീസഹോദരന്മാരോട് സ്നേഹത്തിന്റെ പ്രവൃത്തികൾ ചെയ്യുമ്പോൾ നാം ദൈവമക്കളായിത്തീരുന്നു. അയൽക്കാരന്റെ ക്ഷേമത്തിന് സഹായകമാകുന്ന പ്രവൃത്തികൾ നാം ചെയ്യുന്നത് ദൈവത്തിന് കൂടുതൽ സ്വീകാര്യമാണ്. നമ്മുടെ സന്തോഷത്തെക്കാളുപരിയായി അയൽക്കാരന്റെ സന്തോഷത്തിന് നാം പ്രാധാന്യം നൽകണം. വിശുദ്ധർ ഇപ്രകാരം പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്തിരുന്നവരാണ്. ദരിദ്രരോട് ആത്മാർത്ഥമായ കരുതലും സ്നേഹവും കാണിച്ചിരുന്ന അവർ സ്വന്തം കാര്യങ്ങളിൽ ഉത്കണ്ഠാകുലരാകുന്നതിനെക്കാൾ അപരന്റെ വേദനകളിൽ ആകുലതകളുള്ളവരായിരുന്നു. സുവിശേഷമൂല്യങ്ങൾ ജീവിച്ചവരായിരുന്നു വിശുദ്ധർ.

**ഇന്നത്തെ ലോകത്തിലെ വിശുദ്ധിയുടെ അടയാളങ്ങൾ**

വിശുദ്ധിയിലേക്കുള്ള വിളിയുടെ ഏതാനും ചില മാനങ്ങളാണ് ഈ അദ്ധ്യായത്തിൽ പരിശുദ്ധ പിതാവ് നൽകുന്നത്. ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിന്റെ അഞ്ച് മഹത്തായ പ്രകടനങ്ങളാണിവ: 1. സ്ഥിരോത്സാഹം, ക്ഷമ, ശാന്തത; 2. ആഹ്ലാദം, നർമ്മബോധം, 3. ഭയമില്ലായ്മ, അഭിനിവേശം; 4. സമൂഹജീവിതം; 5. നിരന്തരപ്രാർത്ഥന. ഉത്കണ്ഠാഭാവവും,

സ്വാത്മനിഷേധവും, വിഷണ്ണതയും, സ്വാർത്ഥ തയും അത്മീയവിരസതയും നിറഞ്ഞു നിൽക്കുന്ന ഇന്നത്തെ ലോകത്തിൽ വിശുദ്ധി യുടെ ഈ മാനങ്ങൾ പാപ്പാ പങ്കുവയ്ക്കുന്നു.

**1. സ്ഥിരോത്സാഹം, ക്ഷമ, ശാന്തത**

നമ്മെ സ്നേഹിക്കുകയും പരിപാലി ക്കുകയും ചെയ്യുന്ന ദൈവത്തിൽ അടിയുറച്ചു നിൽക്കുക. ജീവിതത്തിലെ ജയാപജയങ്ങളുടെ മദ്ധ്യേ സ്ഥിരോത്സാഹത്തോടുകൂടി മുന്നേറു വാൻ ഒരാളെ ശക്തിപ്പെടുത്തുന്നത് ഈ ശക്തി യാണ്. ദൈവം നമ്മുടെ കൂടെയുണ്ടെന്നുള്ള ഒരു ബോദ്ധ്യത്തിൽ ജീവിക്കുമ്പോൾ യാതൊ രുവിധ ശക്തികൾക്കും നമ്മെ പരാജയപ്പെടു ത്തുവാൻ സാധിക്കുകയില്ല.

തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെ (റോമാ 12,17), തിന്മയാൽ കീഴ്പ്പെടാതെ (റോമാ 12,22), വിദ്വേഷവും കോപവും പുലർത്താതെ, അപ രന്റെ നേരെ അട്ടഹസിക്കാതെ, അവനെതിരെ ദൂഷണം പറയാതെ ജീവിക്കാൻ സാധിക്കണം. ദൈവികശക്തിയിൽ വ്യാപരിക്കുന്നവനാണ് ഇപ്രകാരം ചെയ്യാൻ കഴിയുന്നത്.

സ്വാർത്ഥതയുടെ പ്രവണതകളെ തിരിച്ച റിഞ്ഞ്, അവയ്ക്കെതിരെ പോരാടണം. സൂര്യ നസ്തമിക്കുന്നതുവരെയും അതിനുശേഷവും നീണ്ടുപോകുന്ന കോപം ഒഴിവാക്കണം. വാക്കു കളാലുള്ള അക്രമങ്ങളിൽ കുടുങ്ങിപ്പോകാതെ, അപകീർത്തിയും അപവാദങ്ങളും പ്രചരിപ്പി ക്കാതെ, സാമൂഹ്യമാധ്യമങ്ങളിലൂടെ അരുതാ ത്തതു പറയാതെ, കള്ളസാക്ഷ്യം നൽകാതെ, മറ്റുള്ളവരുടെ വീഴ്ചകളിൽ സന്തോഷിക്കാതെ ജീവിക്കണം. സഹോദരരുടെ കുറവുകൾക്കു മുൻപിൽ നാവിനെ അടക്കിനിർത്തുകയും മറ്റു ള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതു കയും (ഫിലി 2,3) വേണം. മാത്സര്യവും വ്യർത്ഥാഭിമാനവും പാടില്ല. മറ്റുള്ളവരുടെ വീഴ്ചകളെക്കുറിച്ച് പറഞ്ഞ് വിശുദ്ധർ തങ്ങ ളുടെ ഊർജ്ജം ദുർവ്യയം ചെയ്യുന്നില്ല.

വിശുദ്ധിയുടെ ജീവിതത്തിൽ നീങ്ങുന്ന ഒരാൾ ഹൃദയശൂന്യരായ വിധിയാളന്മാരെ പ്പോലെ മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നില്ല. എപ്പോഴും മറ്റുള്ളവരെ പാഠം പഠിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ നീങ്ങുന്ന വരാകാതെ, 'എപ്പോഴും എല്ലാവരാലും പഠി പ്പിക്കപ്പെടുന്നതിന്' മുൻഗണന കൊടുക്കണം (കുരിശിന്റെ വി. യോഹന്നാൻ). മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കാൻ സാധിക്കണം. മറ്റു ള്ളവർക്ക് എല്ലാറ്റിലും മുൻഗണന കിട്ടാൻ ആഗ്ര ഹിക്കണം. ഇപ്രകാരം ചെയ്താൽ ഒരുവന് തിന്മയെ നന്മകൊണ്ടു ജയിക്കാനും ജീവിത ത്തിൽനിന്ന് പിശാചിനെ തുരത്തുവാനും സാധിക്കും.

അവമാനങ്ങളെ സ്വീകരിക്കുന്നവരാണ് വിശുദ്ധർ. അവമാനങ്ങളിലൂടെ സഞ്ചരിക്കു മ്പോഴാണ് ഹൃദയത്തിൽ എളിമയുണ്ടാകുന്ന ത്. സഹനങ്ങൾ ഏറ്റെടുക്കാതെ, സഹിക്കുവാൻ കഴിയാതെ പോകുന്നവർ വിശുദ്ധിയുടെ പാത യിലല്ല. അവമാനം സഹിച്ചവനാണ് ഈശോ. സഹനത്തിന്റെ മാതൃക അവിടുന്ന് നൽകി. ശ്ലീഹന്മാർ പലപ്പോഴും നിന്ദനമേറ്റവരാണ്. നന്മ കൾ ചെയ്തിട്ട് പീഡകൾ സഹിക്കേണ്ടിവ ന്നാൽ അത് ദൈവസന്നിധിയിൽ പ്രീതികര മാണ് (1 പത്രോ 2,20).

നീതിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ശാന്തതയോടെ വിയോജിപ്പ് കാണിക്കുക. ശക്തനായ ഒരാളുടെ മുൻപിൽ ഒരു പാവം വ്യക്തിക്കുവേണ്ടി വാദിക്കുക. തന്റെ സത്പേ രിന് കളങ്കംവന്നേക്കാമെങ്കിലും നീതിക്കു വേണ്ടി വാദിക്കാൻ മുതിരുന്നത് നല്ലതാണ്. ഈ സാഹചര്യത്തിൽ ലഭിക്കുന്ന അവമാനം സുഖ ദായകമായിരിക്കില്ല. ലോകം പരിഹസിക്കു മ്പോൾ കർത്താവിൽ അഭയം തേടുക. "കർത്താവേ, അവമാനങ്ങൾ ഉണ്ടാകുമ്പോൾ ഞാൻ അവിടുത്തെ കാൽചുവടുകളിൽ അവി ടുത്തെ അനുകരിക്കുകയാണെന്ന് അറിയാൻ എന്നെ സഹായിക്കേണമെ"- ഇതായിരിക്കണം നമ്മുടെ പ്രാർത്ഥന.

**ആഹ്ലാദവും നർമ്മബോധവും**

വിശുദ്ധരുടെ ജീവിതങ്ങൾ പരിശോധി ക്കുമ്പോൾ അവരിൽ നമ്മൾ കൂടുതലായി കണ്ടുമുട്ടുന്ന ഭാവങ്ങൾ ആഹ്ലാദത്തിന്റേതും നർമ്മബോധത്തിന്റേതുമാണ്. അവർ ഭയമുള്ള വരോ, കർക്കശതയോ കടുംപിടുത്തക്കാരോ, വിഷാദികളോ, മ്ലാനവദനരോ അല്ല. യാഥാർത്ഥ്യബോധമുള്ളവരും, പ്രതീക്ഷാനിർഭ

രമായ ചൈതന്യത്തോടെ ജീവിക്കുന്നവരുമാണ്. ദൈവരാജ്യമെന്നത് ഭക്ഷണവും പാനീയവുമല്ല; മറിച്ച് നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമാ 14,17). ക്രൈസ്തവജീവിതം ആത്മാവിലുള്ള ആനന്ദത്തിന്റെ ജീവിതമാണ്. കർത്താവിനോട് ചേർന്നു നിൽക്കുമ്പോഴാണ് ഒരുവന്റെ ജീവിതത്തിൽ യഥാർത്ഥ ആനന്ദമുണ്ടാകുന്നത്.

നാം ആനന്ദചിത്തരായിരിക്കണമെന്ന് വി.ഗ്രന്ഥം പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്: “സീയോൻപുത്രീ, അതിയായി ആനന്ദിക്കുക; ജറുസലേംപുത്രീ ആർപ്പുവിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെയടുക്കലേക്ക് വരുന്നു” (സഖ 9,9). “നിങ്ങൾ വിലപിക്കരുത്; കർത്താവിന്റെ ആനന്ദമാണ് നിങ്ങളുടെ ബലം” (നെഹ 8,10). “ഇതു ഞാൻ നിങ്ങളോടു പറഞ്ഞത്, എന്റെ ആനന്ദം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ ആനന്ദം പൂർണ്ണമാകാനുംവേണ്ടിയാണ്” (യോഹ 15,11).

ഒരാളുടെ ജീവിതത്തിൽ കുരിശിന്റെ നിഴൽ വീഴുമ്പോൾ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും സാഹചര്യത്തിൽ ദൈവിക ആനന്ദം കണ്ടെത്താൻ പരിശ്രമിക്കണം. അപ്രകാരമെങ്കിൽ ഭൗതികദുഃഖം ഒരുവനെ, അവന്റെ യഥാർത്ഥ ആനന്ദത്തെ നശിപ്പിക്കുകയില്ല.

ക്രൈസ്തവ ആനന്ദം എന്നത് നർമ്മഭാവവുമായി ചേർന്നുപോകുന്നതാണ്. വഷളായ നർമ്മം വിശുദ്ധിയുടെ അടയാളമല്ല. നല്ല നർമ്മങ്ങൾ പറയുന്നവർക്ക് മനസ്സിന്റെ ആകുലതകൾ അകറ്റാനും ഹൃദയസന്തോഷം സ്വീകരിക്കാനും സാധിക്കും. സങ്കടം നന്ദികേടിന്റെ ഒരടയാളമാണ്. കാരണം നമ്മുടെ ആനന്ദത്തിനുവേണ്ടി കർത്താവിൽനിന്നും ധാരാളം സ്വീകരിക്കുന്നവരാണ് നാം. നർമ്മത്തിലൂടെ ദുഃഖങ്ങളെ അകറ്റി, ഹൃദയത്തിന്റെ സന്തോഷത്തിലൂടെ ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം നമ്മൾ.

**നിർഭയതയും അഭിനിവേശവും**

“ഭയപ്പെടേണ്ട” (മർക്കോ 6,50); “യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും” (മത്താ 28,20). ഈശോയുടെ ഈ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് എപ്പോഴും അവിടുത്തെ സഹായമുള്ളതിനാൽ നാം നിർഭയരായിരിക്കണം എന്നതാണ്. വിശുദ്ധി, നിർഭയത, (parrhesia) ആണ്. സുവിശേഷം ലോകംമുഴുവനും നല്കാനുള്ള ഒരു ആവേശമാണിത്. ഈശോ നല്കുന്ന ഉറപ്പ് ഈ ശുശ്രൂഷയ്ക്ക് നമ്മെ പ്രോത്സാഹിപ്പിക്കുന്നു.



# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

നോമ്പുകാലം സമാഗതമായിരിക്കുകയാണല്ലോ. ഈശോമിശിഹായുടെ പീഡാനുഭവവും മരണവും ധ്യാനവിഷയമാക്കുവാനും അവിടുത്തെ മരണത്തോടും സംസ്കാരത്തോടും നമ്മെ ഐക്യപ്പെടുത്തുന്ന മാമ്മോദീസാനുഭവം നവീകരിക്കുവാനുമുള്ള അവസരമാണ് നോമ്പുകാലം. "ഈശോമിശിഹായോട് ഐക്യപ്പെടാൻ മാമ്മോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് മാമ്മോദീസാ സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?" (റോമാ 6,3). പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്ന ആ പ്രക്രിയ ഈശോമിശിഹാ തന്നിൽ പൂർത്തീകരിച്ചത് പാപത്തിലേക്കു നയിക്കുന്ന പ്രലോഭനങ്ങളെയെല്ലാം ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അതിജീവിച്ചുകൊണ്ടാണ് (ലൂക്കാ 4,1-11). അവിടുത്തെ അവസാന പ്രലോഭനം ഗത്സേമൻ തോട്ടത്തിലായിരുന്നു. അവയിൽ ഉൾപ്പെടാതിരിക്കാൻ അവിടുന്നു പ്രാർത്ഥിക്കുകയും ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ ശിഷ്യരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു (ലൂക്കാ 22,39-46). അതുകൊണ്ട് ഈ നോമ്പുകാലം പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും പ്രലോഭനങ്ങളോടു പട വെട്ടി, പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്ന, അപ്രകാരം ഈശോയുടെ മരണത്തോട് ഐക്യപ്പെടുന്ന, ഒരു ജീവിതം നയിക്കാൻ നമുക്കു പരിശ്രമിക്കാം. അതിന് ദൈവത്തിന്റെ അജഗണങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യാം. സ്നേഹാശംസകളോടെ,

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2019 ഫെബ്രുവരി 6-8 തീയതികളിൽ റോമിൽ വച്ചു നടന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെനക്കിൾ സമ്മേളനത്തിലും ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിക്കുവാൻ, ജനറൽ മേജർ ഫാദർ, ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ റോമിലേക്കു പോയി. റോമിലെ സെനക്കിൾ മീറ്റിംഗിൽ 7 വൈദികർ പങ്കെടുത്തു. ജനറൽ കൗൺസിൽ മീറ്റിംഗിൽ കൗൺസിലർമാരെല്ലാം സന്നിഹിതരായിരുന്നു. സൊദാലെസ് ആസ്പിരൻസിനുള്ള മൂന്നു വർഷത്തെ പരിശീലന പ്രോഗ്രാമിന്റെ പരിഷ്കരിച്ച പതിപ്പ് ഇറ്റാലിയനിലും ഇംഗ്ലീഷിലും തയ്യാറാക്കുന്ന ജോലിയാണ് ഇപ്രാവശ്യം പ്രധാനമായും നിർവഹിച്ചത്.

2019 ഫെബ്രുവരി 5-ാം തീയതി റോമിലെ 'ആഞ്ചെലോ കുസ്തോദേ' ഓററ്റോറിയം പള്ളിയിൽ ജനറൽ മേജർ ഫാദറിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിമദ്ധ്യേ, റോമിൽ പഠിക്കുന്ന, ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ബഹു. മാത്യു മുരിയങ്കരി, ബഹു. ക്രിസ്റ്റോ നേര്യംപറമ്പിൽ എന്നീ വൈദികർ, അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗങ്ങളാകാനുള്ള പരിശീലനഘട്ടത്തിലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു. യാത്രയും പരിപാടികളും കഴിഞ്ഞ് ഫെബ്രുവരി 9-ാം തീയതി ബഹു. മല്പാനച്ചൻ ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# രക്ഷയുടെ മാർഗ്ഗം

**റപ്പായി ജി. കൂനൻ**
മുളുണ്ട്, മുംബൈ


**അ**നശ്വരാത്മാവിന്റെ ഉത്തമരക്ഷയ്ക്കായി, നാം ഇഹലോകത്തിലായിരിക്കുമ്പോൾ തന്നെ ചെയ്യേണ്ട, തപശ്ചര്യകളെ ഓർമ്മിപ്പിച്ചുകൊണ്ട് വീണ്ടുമൊരു നോമ്പുകാലംകൂടി ഇതാ വന്നു കഴിഞ്ഞു. പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കാനുള്ള ഒരസുലഭാവസര മായി നാം ഇതിനെ കാണണം. പ്രാർത്ഥിച്ചും ഉപവസിച്ചും ദാനധർമ്മങ്ങൾ ചെയ്തും ചെയ്ത തെറ്റുകളെ ഓർത്ത് പശ്ചാത്തപിച്ചും നോമ്പുകാലത്തെ വരദായകവും ധന്യവുമാക്കി തീർക്കാൻ നാം യത്നിക്കണം.

ഒരർത്ഥത്തിൽ ഋതുഭേദങ്ങൾക്കനുസരിച്ചു ജന്തുക്കളും വൃക്ഷലതാദികൾപോലും തോലു രിഞ്ഞും ഇലകൾ പൊഴിച്ചും ധ്യാനാത്മകമായി ഉപവാസത്തിൽ കഴിയുന്നുണ്ടല്ലോ. പുതുജീ വന്റെ പുത്തൻനാമ്പുകൾ പൂർവാധികം ശേഷിയോടെ തളിർക്കണമെങ്കിൽ പാപഗ്രസ്തമായ പഴയ ജീവിതത്തെ നാം വിട്ടുപേക്ഷിച്ചേ മതിയാവൂ. ഇതൊരു പ്രപഞ്ചസത്യമാകുന്നു.

ഈ വ്രതാനുഷ്ഠാനത്തിന്റെ ആദ്യപടിയായി “ശരീരത്തെ പോഷിപ്പിക്കുന്ന ഭൗതികാഹാരം നാം നിഷേധിക്കണം. അപ്പോൾ, മിശിഹായെ ശ്രവിക്കാനും അവന്റെ രക്ഷാകരമായ വാക്കു കൾകൊണ്ട് പോഷിപ്പിക്കപ്പെടുവാനും” നമുക്കു സാധിക്കും. അധികം വൈകാതെ, അവന്റെ രക്ഷാമാർഗ്ഗം നമ്മുടെ മുമ്പിൽ തെളിയുകയും ചെയ്യും.

ശരീരത്തിന്റെ നൈമിഷികതയും ആത്മാവിന്റെ അനശ്വരതയും നോമ്പാരംഭംമുതലേ നമ്മുടെ ചിന്താവിഷയമാകണം. ഈശോ നിഷ്കർഷിച്ചു: “...തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാ തെ, നിങ്ങളിലാർക്കും എന്റെ ശിഷ്യനാവുക സാദ്ധ്യമല്ല”. ലോകത്തെയും അതിന്റെ വശ്യതക ളെയും വിട്ടുപേക്ഷിച്ചാലേ, അനശ്വരതയിലേക്കുള്ള ദിവ്യമാർഗ്ഗം നമ്മുടെ മുമ്പിൽ തെളിയൂ.

ഈ വസ്തുതയെ ഓർമ്മിപ്പിക്കാനാണ് നോമ്പിന്റെ തുടക്കത്തിൽ ചാക്കുവസ്ത്രം ധരി



ക്കുന്നതിന്റെയും നെറ്റിയിൽ ചാരം പൂശുന്നതിന്റെയും ഓർമ്മയാചരിക്കുന്നത്. പിന്നീടങ്ങോട്ട് തീക്ഷ്ണമായ പ്രാർത്ഥനയുടെയും ഉഗ്രമായ ഉപവാസത്തിന്റെയും നിസ്സീമമായ പരസ്നേഹ ത്തിന്റെയും ഉള്ളുതുറന്ന ദാനധർമ്മങ്ങളുടെയും ദിവസങ്ങളാണ്. ഈ തപശ്ചര്യകളിൽകൂടി കടന്നുപോകുമ്പോൾ, ആത്മാവിൽ നാം ശക്തി പ്രാപിക്കും. വിട്ടുമാറാൻ കൂട്ടാക്കാത്ത (stubborn), അതായത് നമ്മളിൽ സ്ഥായിയായി നിലകൊള്ളുന്ന, മൃഗസ്വഭാവത്തെ ആത്മീയതയാൽ ശുദ്ധിവരുത്തി അതിനെ നാം നമ്മുടെ വരുതിയിലാക്കണം. കഴുത (stubborn animal nature) യുടെ പുറത്തിരുന്നുള്ള ഈശോയുടെ ജറുസലേം ജൈത്രയാത്ര, പ്രതീകാത്മപരമായി, ഇതിനെ സൂചിപ്പിക്കുന്നു. അങ്ങനെ, വിജയശ്രീലാളിതരായി, നാം ജറുസലേം അഥവാ സ്വർഗ്ഗകവാടത്തി ന്നരികിലേക്ക് പ്രവേശിക്കുന്നു. അവിടെവച്ച് ദൈവാലയ (മനുഷ്യമനസ്സ്) ശുദ്ധീകരണം പൂർണ്ണ മായി നടക്കുകയായി. അതിനായി, വിട്ടുവീഴ്ചയില്ലാത്തതും സന്ധിയില്ലാത്തതുമായ ഒരുഗ്ര പോരാട്ടംതന്നെ ചെയ്യേണ്ടിവരും. ലോകം, പിശാച്, ശരീരം എന്നീ ദുഷ്ടശക്തികളുടെ പ്രലോ ഭനങ്ങൾക്ക് അതീതമായി നിലകൊള്ളുന്നതോടെ നമ്മുടെ സമ്പൂർണ്ണബലിക്കുള്ള സമയമായി. ലോക(മരക്കുരിശ്)ത്തിന്റെയും ശരീരത്തിന്റെയും മോഹങ്ങൾക്കുമേൽ ആണികളോരോന്നും അടിച്ച്, ത്യാഗത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും അത്യുംഗശൃംഗത്തിൽ (കാൽവ രിയിൽ) ജീവൻ നാം ഹോമിക്കുമ്പോൾ നമ്മുടെ ആത്മബലി പൂർത്തിയാവുകയായി. അപ്പോൾ, അപ്പോൾ മാത്രം, പുതുപുത്തൻ ജീവന്റെ ഉയിർപ്പ് സാദ്ധ്യമാകും. "നശ്വരതയിൽ വിതയ്ക്കപ്പെ ടുന്നു; അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു". ഇതാണ് ഈശോ കാണിച്ചുതന്ന രക്ഷയുടെ മാർഗ്ഗം, അഥവാ, കുരിശിന്റെ വഴി. ഈശോ പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല" (യോഹ 14,6). ഈ നോമ്പു കാലം എല്ലാവർക്കും ആത്മീയസൗഖ്യദായകമായി ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



# കാവലാൾ-13

ജാൻസിറ്റീച്ചർ
കറുകപ്പറമ്പിൽ

"സ്റ്റീനാ നിനക്കൊരു വിസിറ്റർ.."

"ആരാ..."

"ഒരു യുവകോമളൻ. ഗൊരേത്തിയമ്മ പറഞ്ഞു നിന്നേം വിളിച്ചോണ്ടു വരാൻ".

ആരായിരിക്കും തന്നെ കാണാൻ... കോണിപ്പടി ഇറങ്ങി നടക്കുമ്പോൾ അവളുടെ ചിന്ത അതായിരുന്നു. ഗൊരേത്തിയമ്മ പറഞ്ഞതുകൊണ്ട്, കുഴപ്പമില്ലാത്ത ആരെങ്കിലുമാകും. പാർലറിന്റെ കതകു തുറന്നുകിടന്നിരുന്നതുകൊണ്ട് അവൾ ദൂരെവച്ചുതന്നെ കണ്ടു. സുന്ദരനായ ഒരു ചെറുപ്പക്കാരൻ. ചെന്നപാടേ അവൾ ഗൊരേത്തിയമ്മയുടെ മുഖത്തേക്ക് നോക്കി.

''സ്റ്റീനാ... ഇതാരാണെന്ന് മനസ്സിലായോ''?

"ഇല്ല."

"ഇവൻ ഞങ്ങളുടെ സ്വന്തം കൊച്ചാ. നിന്റെ കുഞ്ഞാന്റിയെ ഇവനു കെട്ടിച്ചുകൊടുക്കുമോന്നു നിന്നോടു ചോദിക്കാൻ വന്നതാ".

അവൾക്കു ചിരിവന്നു.. എട്ടാംക്ലാസ്സിൽ പഠിക്കുന്ന എന്നോട് ഇതെന്തിനാ ചോദിക്കുന്നതെന്നുള്ള മട്ടിൽ അവൾ നിന്നു.

ഗൊരേത്തിയമ്മ അവളെ അടുത്തുവിളിച്ചിരുത്തി.

"മോളെ നിങ്ങളുടെ എല്ലാ സാഹചര്യങ്ങളും മനസ്സിലാക്കി നിന്റെ കുഞ്ഞാന്റിക്കും നിനക്കും ഒരു സഹായമാകാൻ തയ്യാറായാണ് ഇവൻ വന്നിരിക്കുന്നത്. നമ്മുടെ പ്രൊവിൻഷ്യൽ ഹൗസിലെ ആന്റിയുടെ മോനാ... നീയെന്താ പറയുന്നത്?"

"അമ്മേ, ഞാൻ ചാപ്പലിൽപോയി പ്രാർത്ഥിച്ചിട്ടു പറയാം. പരിശുദ്ധ അമ്മ സമ്മതിക്കുകയാണെങ്കിൽ മാത്രം ഞാൻ പറയാം. നാളെ ഉത്തരം തന്നാൽ മതിയോ അമ്മേ".

"മതി മോളെ..." അവൾ ചാപ്പലിലേക്കു പോകുമ്പോൾ ഗൊരേത്തിയമ്മ അവളുടെ പ്രത്യേകതകളൊക്കെ അവനോടു പറഞ്ഞുകൊണ്ടിരുന്നു.

അവൾ ചാപ്പലിൽ ഇരുന്ന് ഏറെനേരം പ്രാർത്ഥിച്ചു. അന്നത്തെ രാത്രിയിലെ ഭക്ഷണം അവൾ വേണ്ടെന്നു വച്ചു. ഒരു കുഞ്ഞിനെപ്പോലെ അവൾ മാതാവിന്റെയടുത്തു വാശി കാണിച്ചു. "അമ്മേ എനിക്കൊരുത്തരം താ..."

'മോളെ...' ആ വിളി അവൾ വ്യക്തമായി കേട്ടു. പക്ഷേ അവൾക്കു പിന്നീടൊന്നും വെളിപ്പെട്ടു കിട്ടിയില്ല. 10 മണിയായപ്പോൾ അവൾ ഉറങ്ങാൻ കിടന്നു. മെല്ലെ ഉറക്കം കൺപോളകളിലേക്ക് വരുമ്പോൾ അവളുടെ മനസ്സിൽ അന്നു കണ്ട യുവാവിന്റെ ചിത്രം തെളിഞ്ഞുവന്നു. പക്ഷേ അവന്റെ തലയുടെ പിൻഭാഗം

പഞ്ഞിനിറച്ചതുപോലെ കാണപ്പെട്ടു. പെട്ടെന്നവൾ ഉണർന്നു. മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. കുറച്ചുകഴിഞ്ഞ് വീണ്ടും ഉറക്കം ശക്തമായി വന്നപ്പോൾ അവൾ കിടന്നു. അപ്പോഴും ആദ്യം കണ്ട ദൃശ്യം അവളുടെ കണ്ണിൽ തെളിഞ്ഞുവന്നു... "ചികിത്സിക്കാൻ പറ. ഇതു വേണ്ട..."

പരിശുദ്ധ അമ്മ തനിക്കു വെളിപ്പെടുത്തിയതാണെന്ന് പറഞ്ഞ് ഇതു വല്ലോം പറയാൻ പറ്റുമോ. അവൾ വളരെ അസ്വസ്ഥയായി. "പരിശുദ്ധ അമ്മേ ഞാനിതെങ്ങനെ പറയും?" "നീ പറയേണ്ട. അവരറിഞ്ഞുകൊള്ളും". അതു തന്റെ തോന്നലല്ലെന്നു വിശ്വസിക്കാൻ അവൾ ഏറെ പാടുപെട്ടു.

പിറ്റേന്ന് കുഞ്ഞാന്റിയും അവളെ കാണാനെത്തി. "മോളെ സ്റ്റീനാക്കുട്ടീ... നീ കണ്ടോ ആ ചെറുക്കനെ? നിനക്കിഷ്ടമായോ? എനിക്കിഷ്ടമായി..."

"കുഞ്ഞാന്റി ഞാൻ പരിശുദ്ധ അമ്മയോട് ഏറെ പ്രാർത്ഥിച്ചു. നമുക്കു പ്രാർത്ഥിക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് വല്യ തിടുക്കമൊന്നും വേണ്ട. ശരിയല്ലേ.... നമുക്ക് ഈസ്റ്റർവരെ കാത്തിരിക്കാം." കുഞ്ഞാന്റിയുടെ മുഖം വിളറിയതവൾ കണ്ടു. പക്ഷേ കുഞ്ഞാന്റി മറുത്തൊന്നും പറഞ്ഞില്ല. തങ്ങൾക്ക് ലോകത്തിൽ സ്വന്തമായുള്ളത് എന്നു പറയാൻ മറ്റാരുമില്ലെന്ന സത്യം അവർ രണ്ടുപേരും ഓർത്തു.

ദനഹാത്തിരുനാൾ ദിനം... കൊഴുക്കട്ട നേർച്ചയുണ്ടായിരുന്നു പള്ളിയിൽ. പിണ്ടികുത്തി ത്തിരുനാളായതുകൊണ്ട് അവർ ഓർഫനേജ് ചാപ്പലിന്റെ മുന്നിലും വാഴപ്പിണ്ടിയിൽ മൺചിരാതുകൾ പിടിപ്പിച്ച് ദീപം ജ്വലിപ്പിച്ചിരുന്നു. 'ഏൽ ഏൽപ്പയ്യാ ഏൽപ്പയ്യാ' ഗീതം പാടി മിശിഹാ ലോകത്തിന്റെ പ്രകാശമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മധുരം വെച്ച കൊഴുക്കട്ട നേർച്ച കഴിച്ച് സന്തോഷിച്ചപ്പോൾ ആ വാർത്ത വന്നു. കുഞ്ഞാന്റിക്ക് കല്യാണമാലോചിച്ച് വന്ന ചെറുപ്പക്കാരൻ പള്ളിയിൽ തലയടിച്ചുവീണു. ആശുപത്രിയിലാക്കിയിരിക്കുന്നു... സ്റ്റീനായുടെ മനസ്സിൽ വല്ലാത്ത ഒരു നൊമ്പരം. കണ്ട ദർശനം അവളുടെ മനസ്സിലേക്ക് വീണ്ടും വന്നു.


രണ്ടുദിവസം കഴിഞ്ഞപ്പോൾ കുഞ്ഞാന്റി വീണ്ടും അവളെ കാണാൻവന്നു. "മോളേ... ശ്ശൊ... എന്നെ കല്യാണം കഴിക്കാമെന്നു സമ്മതിച്ചു വന്നതുകൊണ്ടാണോ മോളേ ആ ചെറുക്കന് ഇങ്ങനെയൊരു വിഷമം വന്നത്".

"അതൊന്നുമല്ല കുഞ്ഞാന്റി... ആ ചേട്ടന് എന്തോ ഒരു രോഗം വരാൻപോകുന്നത് അമ്മ എനിക്കു വെളിപ്പെടുത്തിത്തന്നിരുന്നു. അതുകൊണ്ടാ ഞാനന്നങ്ങനെ..." "സാരമില്ല മോളേ... ഇതിപ്പം കല്യാണമൊന്നും കഴിഞ്ഞില്ലാരുന്നല്ലോ... ദൈവം നൽകുന്ന സമയത്തിനുവേണ്ടി കാത്തിരിക്കണമെന്ന് മോളു പറഞ്ഞത് ശരിയാ. അവിടുന്ന് നമുക്കെല്ലാം നന്മയ്ക്കായി തീർക്കും".

കുഞ്ഞാന്റി പോയിക്കഴിഞ്ഞപ്പോൾ സ്റ്റീനാ ഓടി ചാപ്പലിൽ ചെന്നു. "എന്റെ അമ്മേ മാതാവേ നീയെല്ലാം എനിക്കു നന്മയ്ക്കായി പറഞ്ഞുതരുന്നല്ലോ. റോമാ 8,28-ൽ പറയുംപോലെ "തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് ദൈവം എല്ലാം നന്മയ്ക്കായി തീർക്കും".

(തുടരും)






# നോഹ

ഷിജി പറപ്പള്ളിയാത്ത്

**ലാ**മെക്കിന്റെ പുത്രനാണ് നോഹ. കർത്താവ് ശപിച്ച ഈ ഭൂമിയിലെ ക്ലേശകരമായ അദ്ധ്വാനത്തിൽ അവൻ നമുക്ക് ആശ്വാസം നേടിത്തരും എന്നു പറഞ്ഞ് ലാമെക്ക് അവനെ നോഹ എന്നു വിളിച്ചു (ഉൽപ 5,29). മനുഷ്യവർഗ്ഗത്തിന്റെ രണ്ടാം ഘട്ടത്തിലെ പിതാവാണ് നോഹ. അദ്ദേഹത്തിന്റെ ജീവിതത്തിൽ ആദ്യ അഞ്ചു നൂറ്റാണ്ടുകൾ പ്രവർത്തനശൂന്യമായിരുന്നു. നോഹ തികഞ്ഞ നീതിമാനായിരുന്നു. വിനാശത്തിന്റെ നാളിൽ ഒഴിവാക്കപ്പെട്ട മുളയായിരുന്നു അവൻ; അങ്ങനെ ജലപ്രളയത്തിനുശേഷം ഭൂമിയിൽ ഒരുഭാഗം നിലനിന്നു. ക്രൂരരും ദുഷ്ടരും ശക്തരുമായ മനുഷ്യരുടെ മധ്യേയാണ് നോഹയ്ക്ക് ജീവിക്കേണ്ടിവന്നത്.

"അവൻ ദൈവത്തിന്റെ മാർഗ്ഗത്തിൽ നടന്നു" (ഉൽപ 6,9). അവരുടെ ഇടയിൽ ഹെനോക്കിനെപ്പോലെ ദൈവത്തോടൊത്ത് നോഹ സഞ്ചരിച്ചു. ദൈവത്തെ ഭയപ്പെടുകയും മനുഷ്യരെ സഹായിക്കുകയും ചെയ്തു. "നീതിയുടെ വക്താവ്" എന്നാണ് വി. പത്രോസ് നോഹിനെ വിളിക്കുന്നത് (2 പത്രോ 2,5). മനുഷ്യഹൃദയത്തിലെ ചിന്തയും ഭാവനയും ദുഷിച്ചതായി ദൈവം കണ്ടു. ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം പരിതപിച്ചു. അവിടുന്ന് അരുളിച്ചെയ്തു. "എന്റെ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്ന് ഞാൻ തുടച്ചുമാറ്റും..." എന്നാൽ നോഹ കർത്താവിന്റെ പ്രീതിക്ക് പാത്രമായി. തിന്മനിറഞ്ഞ ലോകത്തെ ദൈവം നശിപ്പിച്ചപ്പോൾ നോഹിനെ അവിടുന്ന് രക്ഷപ്പെടുത്തി. കാരണം ദൈവം അവനെ നീതിമാനായി കണ്ടു. പെട്ടകം പണിയാൻ അവനോട് ആവശ്യപ്പെട്ടു.

"വിശ്വാസംമൂലം നോഹ അന്നുവരെ കാണപ്പെടാതിരുന്നവയെപ്പറ്റി ദൈവം മുന്നറിയിപ്പു കൊടുത്തപ്പോൾ തന്റെ വീട്ടുകാരുടെ രക്ഷയ്ക്കുവേണ്ടി ഭയഭക്തിയോടെയാണ് പെട്ടകം നിർമ്മിച്ചത്. ഇതുമൂലം അവൻ ലോകത്തെ കുറ്റംവിധിക്കുകയും വിശ്വാസത്തിൽനിന്നുളവാകുന്ന നീതിയുടെ അവകാശിയാവുകയും ചെയ്തു" (ഹെബ്രാ 11,5).


അന്നുവരെ കേട്ടുകേൾവിയില്ലാത്ത കാര്യങ്ങൾ ചെയ്യുവാൻ ദൈവം കല്പിച്ചപ്പോൾ നോഹ അത് അനുസരിച്ചു. മനുഷ്യബുദ്ധിക്ക് അവൻ ഇടം നല്കിയില്ല. പ്രത്യാശയുടെ ഒലിവില കൊത്തിയ പ്രാവിനെ കാണുവോളം പെട്ടകത്തിലെ നോഹയുടെ ഹൃദയം ദൈവചിന്തയിൽ ആയിരുന്നിരിക്കണം! ഭീതിയും ആകുലതയും അവനെ ഗ്രസിച്ചോ? അല്ല നോഹ ദൈവപരിപാലനയുടെ കരുതലും കാരുണ്യവും അനുഭവിച്ചിരിക്കണം. ദൈവപരിപാലനയുടെ കരങ്ങളിൽ അവൻ മുറുകെപിടിച്ചിരുന്നിട്ടുണ്ട്. അതുകൊണ്ട് ജലപ്രളയത്തിനുശേഷം നോഹ പുറത്തിറങ്ങി പുതിയ യുഗത്തിന്റെ ആദ്യത്തെ ബലിപീഠമുണ്ടാക്കി; ആദ്യത്തെ ദഹനബലി അവൻ അർപ്പിച്ചു (ഉൽപ 8,20-22).



നോഹയുടെ ബലിയിൽ പ്രസാദിച്ച ദൈവം മനുഷ്യൻകാരണം ഭൂമിയെ ഇനിയൊരിക്കലും ശപിക്കുകയില്ല എന്ന് അരുളിച്ചെയ്യുന്നു. ഒരു ബലിയുടെ ധന്യത എത്ര വലുതെന്ന് അത് വ്യക്തമാക്കുന്നു. ദൈവം നോഹയോട് പറഞ്ഞു ഭൂമുഖത്തുള്ള സകല ജീവികളുമായി സ്ഥാപിക്കുന്ന ഉടമ്പടിയുടെ അടയാളമായി മേഘങ്ങളിൽ മഴവില്ല് തെളിക്കുമെന്ന്. കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും മാരിവില്ല് തെളിക്കുന്ന ദൈവം! നീതിമാനെ ദൈവം എങ്ങനെ കടാക്ഷിക്കുന്നുവെന്ന് ഇത് തെളിയിക്കുന്നു. തിന്മ എങ്ങനെ ശിക്ഷിക്കപ്പെടുന്നുവെന്നും നന്മ എങ്ങനെ സംരക്ഷിക്കപ്പെടുന്നു എന്നും നോഹയുടെ ജീവിതം പറഞ്ഞു തരുന്നു.

**നോഹ് തരുന്ന ചിന്തകൾ**

* വിശ്വാസജീവിതത്തിന്റെ വ്യക്തിയാവുക
* ദൈവത്തെ അനുസരിക്കാൻ പഠിക്കുക
* നന്മയുടെ പക്ഷംചേർന്ന്, ദൈവപ്രീതിയിൽ വളരുക.





# ജീവിതവിശുദ്ധിയുടെ തിരുശേഷിപ്പ്

അശ്വതി പുതുമന

സഹനം ദൈവം മനുഷ്യനു നൽകുന്ന സമ്മാനമാണ് എന്നു പറഞ്ഞാൽ അതിനെ ശരിവയ്ക്കാൻ സാധിക്കുമോ? ദൈവം സ്നേഹിക്കുന്നവനെ അവൻ സഹിക്കാൻ അനുവദിക്കുന്നത് എന്തുകൊണ്ട്?

പഴയനിയമം മുതൽ ദൈവം തിരഞ്ഞെടുത്ത വ്യക്തികളായി ബൈബിളിൽ നാം കാണുന്ന ഓരോരുത്തരും സഹനത്തിന്റെ പാതയിൽ സഞ്ചരിച്ചവരാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹം മുതൽ വെളിപാടുപുസ്തകത്തിൽ നാം കാണുന്ന കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി തൂവെള്ളയാക്കി ദൈവത്തിന് ആരാധനയർപ്പിക്കുന്നവർ വരെ സഹനത്തിലൂടെ കടന്നുപോയവരാണ്.

സഹനം പരിഹാസമല്ല, അത് പരിഹാരമാണ്. പഴയനിയമത്തിൽ ജോസഫിന്റെ സഹനം ഒരുതരത്തിൽ എത്രമാത്രം പരിഹാസകരമായിരുന്നു. സഹോദരന്മാരാൽ ഒറ്റപ്പെടുത്തപ്പെട്ട് തെറ്റുധാരണകളിലൂടെ കടത്തിവിട്ട്, കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട പൂർവയൗസേപ്പിന്റെ ജീവിതം മനുഷ്യദൃഷ്ടിയിൽ പരിഹാസകരമാണ്. എന്നാൽ ദൈവം അവനെ സഹിക്കാൻ അനുവദിച്ചത് ഒരു തലമുറയെ വാർത്തെടുക്കാനാണ്. ദൈവം ഒരുവനെ സഹിക്കാൻ അനുവദിക്കുന്നെങ്കിൽ അതു വ്യക്തമാക്കുന്നത് ആ വ്യക്തിയിലൂടെ ഒരു തലമുറയെ വാർത്തെടുക്കാൻ അവൻ ആഗ്രഹിക്കുന്നു എന്നുള്ളതല്ലേ.

വാർത്തെടുക്കലുകളെല്ലാം വേദനാജനകമാണ്. മനോഹരമായ മൺകുടത്തിനുപിന്നിൽ കുഴച്ചുമറിച്ച കളിമണ്ണിന്റെ വേദനയുണ്ട്. പൂത്തു പുഞ്ചിരിച്ചുനിൽക്കുന്ന പുഷ്പത്തിന് പിന്നിൽ കൊഴിഞ്ഞുവീണ ഇലകളുടെ വളക്കൂറുണ്ട്. പരിധികൾ വയ്ക്കാത്ത സ്നേഹത്തിന്റെ പിന്നിൽ കണ്ടില്ല എന്നു വയ്ക്കേണ്ട ഒരുപാടു കാര്യങ്ങളുണ്ട്. കണ്ടില്ല എന്നു നടിക്കാൻ, പോട്ടെ എന്നു വയ്ക്കാൻ, നന്മചെയ്യാൻ, വീണ്ടും സ്നേഹിക്കാൻ, എളിമയുടെ മാമ്മോദീസാ സ്വീകരിക്കാൻ, സ്നേഹത്തിന്റെ കുരിശു വഹിക്കാൻ, മറവിയുടെ ചാട്ടവാറടി സ്വീകരിക്കാൻ, കരുണയുടെ കാൽവരി കയറി, രക്ഷാകരസ്നേഹത്തിന്റെ കുരിശിൽ അവൻ കാണിച്ചുതന്നതുപോലെ ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ നമുക്കും ക്രൂശിതരാകാം. ഇവിടെ നഷ്ടപ്പെടലുകളില്ല, വീണ്ടെടുക്കലുകൾ മാത്രം. ഇവിടെ അവശേഷിപ്പുകൾ ഇല്ല, തിരുശേഷിപ്പുകൾ മാത്രം. സഹനത്തിലൂടെ ജനിച്ച ജീവിതവിശുദ്ധിയുടെ തിരുശേഷിപ്പ്.

# പീഡിപ്പിക്കപ്പെടുമ്പോഴും ആശ്വസിപ്പിക്കുന്നവൾ



റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി രൂപത

**ലോ**കത്ത് ഏതെങ്കിലും മതം വിശ്വാസത്തിന്റെ പേരിൽ തെറ്റിദ്ധരിക്കപ്പെടുകയോ കുറ്റാരോപിതയാകുകയോ ചെയ്തിട്ടുണ്ടോ, സഭയല്ലാതെ? സഭയുടെ രണ്ടായിരത്തിൽപരം വർഷങ്ങളുടെ ചരിത്രത്തിൽ ലോകത്തിലെവിടെയെങ്കിലും സഭ പീഡിപ്പിക്കപ്പെട്ടിരുന്നു. പച്ചമരത്തോട് അവർ ഇതു ചെയ്യുന്നെങ്കിൽ, ഉണക്കമരത്തോട് എന്തുതന്നെ ചെയ്യുകയില്ല! എന്ന ദിവ്യനാഥന്റെ വാക്കുകൾ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നതു നാം കാണുന്നു.

ചെന്നായ്ക്കളുടെയിടയിലേക്ക് കുഞ്ഞാടുകളെന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു എന്നാണവിടുന്നു പറഞ്ഞത്. ചെന്നായ്ക്കളുടെ ഇടയിലാണ് സഭ നിൽക്കേണ്ടത്. സ്വർഗ്ഗീയ മാലാഖവൃന്ദങ്ങളുടെ ആരാധനാപാത്രമായിട്ട് അവരുടെ മധ്യേ വസിക്കാനല്ല സഭ അയയ്ക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തെയും യോഹന്നാനെയും പോലെതന്നെ സ്നേഹിക്കുന്ന കുറെപേരെ മാത്രം തെരഞ്ഞെടുത്ത് സ്നേഹത്തിന്റെയും സമാന ചിന്താഗതിക്കാരുടെയും കൂട്ടായ്മ തീർക്കാനല്ല അവിടുന്നണഞ്ഞത്. ഒറ്റിക്കൊടുക്കുന്ന യൂദാസിനെയും സ്ഥാനമോഹികളായ ശിഷ്യരെയും പാപിയെന്ന് സ്വയം വിശേഷിപ്പിച്ച പത്രോസിനെയും സഭയെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയ സാവൂളിനെയും ഉൾക്കൊള്ളുന്ന ഒരു വിശ്വാസസമൂഹത്തിനാണ് ഈശോ രൂപം നൽകിയത്. ഈ സഭ ഈശോയുടെ മൗതികശരീരവും അവിടുന്ന് ഈ സഭയുടെ നാഥനും രക്ഷകനുമാണ്. ആകയാൽ സഭയുടെ വിശ്വാസത്തിന്റെയും അസ്തിത്വത്തിന്റെയും അടിസ്ഥാന സ്വഭാവം വിട്ട് മറ്റൊന്നാവാൻ സഭയ്ക്കാവില്ല. വിമർശനങ്ങളെ ഭയപ്പെട്ട് ന്യായീകരങ്ങളുമായി കടന്നുചെല്ലുവാൻ സഭയില്ല. മക്കൾ തെറ്റ് ചെയ്താൽ നാൽക്കവലകളിൽ പോയിരുന്ന് അവരെ കുറ്റം വിധിക്കുന്നവരാരുണ്ട്? മാതാപിതാക്കളുടെ കുറവുകൾ നാലാൾ കൂടുന്നിടത്ത് വിചാരണ ചെയ്യുന്നവർ എത്ര പേരുണ്ട്?

സഭ എന്ന വലിയ സത്യം മാത്രമേ ഇത്രയേറെ മതങ്ങൾ ഉണ്ടായിരുന്നിട്ടും അമ്മയെന്നു വിശേഷിപ്പിക്കപ്പെടുന്നുള്ളു. സഭയിൽ മാത്രമേ ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കൂ. ഒരു മതസ്ഥരും അവരുടെ മതത്തെ അമ്മയെന്നു വിളിക്കില്ല; ദൈവത്തെ പിതാവേ എന്നുവിളിക്കാൻ മറ്റൊരു ദൈവവും പഠിപ്പിച്ചിട്ടില്ല. ആ അമ്മയ്ക്ക് മക്കളുടെ തെറ്റ് ക്ഷമിക്കാതിരിക്കാനാവില്ല,

ശിക്ഷണങ്ങൾക്കായി ശിക്ഷ നൽകുമ്പോഴും അവൾ മക്കളുടെ തെറ്റുകൾക്ക് പഴിചാരപ്പെടുകയും പരിഹാരമനുഷ്ഠിച്ച് കഷ്ടപ്പെടുകയും ചെയ്യും. അവളുടെ നാഥനും രക്ഷകനും ഉടയവനും ഉടമസ്ഥനുമായവൻ പഠിപ്പിക്കുന്നത്, സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ കരുണയുള്ളവരായിരിക്കുവാനാണ്. സഭ അമ്മയാണ്. സഭ അമ്മയെന്നു വിളിക്കപ്പെടുന്നുവെങ്കിൽ ഈ സഭയ്ക്ക് മാതൃഹൃദയം ഉണ്ടാകാതിരിക്കില്ല.

നമ്മുടെ സഭയുടെ അടിസ്ഥാനം ആരാണ്? സഭയുടെ നേരെ വാളോങ്ങി പരാജിതനായി, സഭയുടെ ശക്തനായ പ്രേഷിതനായി മാറിയ വി. പൗലോസ്ശ്ലീഹാ ഇപ്രകാരം കുറിക്കുന്നു: "ശ്ലീഹന്മാരും പ്രവാചകൻമാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ഈശോയാണ്. ഈശോയിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധമായ ആലയമായി അതു വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2,20-22).

പ്രപഞ്ചത്തിൽ മറ്റെല്ലാം സാധാരണ മനുഷ്യരാലും പ്രവാചകന്മാരാലും സ്ഥാപിതമായതായി പറയപ്പെടുമ്പോൾ ഇവിടെ ദൈവപുത്രൻ തന്നെയാണ് സഭയ്ക്ക് രൂപം നൽകിയത്. എന്തുകൊണ്ട് മറ്റു മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും അധികാരികളും സഭയ്ക്കെതിരെ പോരാടുന്നു? ഏതെങ്കിലും മതത്തിന് വിശ്വാസത്തിന്റെ പേരിൽ പീഡനമേൽക്കേണ്ടി വന്നിട്ടുണ്ടോ? വിഭാഗീയതയുടെയും വർഗീയതയുടെയും രാഷ്ട്രീയനേട്ടങ്ങളുടെയും ലക്ഷ്യത്തിനായി ചിലയിടങ്ങളിൽ പീഡനമുണ്ടായിട്ടുണ്ടായിരിക്കാം. എന്നാൽ സഭയെയും സഭാമക്കളെയും ഉന്മൂലനംചെയ്ത ചരിത്രം ഇന്നും ആവർത്തിക്കുന്നു. പുതിയ രീതികളും പുതിയ ശത്രുക്കളും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. മാധ്യമമേലാളന്മാരും സമ്പത്ത് എന്ന വിഗ്രഹത്തെ ആരാധിക്കുന്നവരും ആക്ടിവിസ്റ്റ് എന്ന ആദർശവാദികളും എന്നാൽ ധാർമ്മിക അടിത്തറ സമൂഹത്തിൽ ഇല്ലാതാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നവരുമായ സംഘടിതശക്തികളും ഇന്നത്തെ ചെന്നായ്ക്കളുടെ രൂപങ്ങളായി തീർന്നിരിക്കുന്നു. സഭാമക്കളെക്കാൾ സഭയുടെ ശക്തി തിരിച്ചറിഞ്ഞവരാകയാൽ അവർ സംഘടിതമായിത്തന്നെ സഭയ്ക്കെതിരെ പ്രവർത്തിക്കുന്നു. എന്നാൽ കർത്താവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവർക്ക് ഇളക്കം തട്ടുകയില്ല. സഭയെ സ്ഥാപിച്ചുകൊണ്ട് അവിടുന്ന് അരുൾചെയ്തു: "ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എൻെറ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല" (മത്താ 19,18).

ഇതിനർത്ഥം നരകകവാടങ്ങൾ ഇതിനെതിരെ ഉണ്ടായിരിക്കുമെന്ന യാഥാർത്ഥ്യവും കൂടിയാണെന്നു നാം മറക്കരുത്. എന്തുകൊണ്ട് മറ്റേതൊരു മതത്തേക്കാളും സഭയെ തിന്മയുടെ ശക്തികൾ ഭയപ്പെടുന്നു? അക്രമണങ്ങളും പീഡനങ്ങളും ഭയത്തിൽ നിന്നുരുത്തിരിയുന്നതാണല്ലോ. സഭയുടെ അനന്യത ഇവിടെ നാം കാണുന്നു. ഈ സഭയിലാണ് ഞാൻ വിശ്വസിക്കുന്നത്. ഈ സഭയിൽ ഞാൻ അംഗമായത് ഒരുപക്ഷേ എന്റെ മാതാപിതാക്കന്മാരിലൂടെയാവാം, എന്നാൽ ഞാൻ ഇതിൽ നിലനിൽക്കുന്നത്, ഒരു ശുശ്രൂഷകനായിരിക്കുന്നത് ഈ സഭയിലെ വിശുദ്ധരുടെ ഗണത്തെ കണ്ടതുകൊണ്ടോ അതിന്റെ ഈലോക മഹത്ത്വത്തെ കണ്ടതുകൊണ്ടോ സഭ ചെയ്യുന്ന നന്മയുടെ പട്ടിക വായിച്ചറിഞ്ഞതുകൊണ്ടോ അല്ല. ഇവയെല്ലാം എന്റെ വിശ്വാസത്തെ ഉത്തേജിപ്പിക്കുന്നു, പ്രചോദനമേകുന്നു. എന്നാൽ ഞാൻ ഈ സഭയെ അമ്മയെന്നു വിശ്വസിച്ചു ചേർന്നുനിൽക്കുന്നത് ഈ സഭാമാതാവ് എന്റെ ബലഹീനതകളിൽ, അപരാധങ്ങളിൽ എന്നെ വീണ്ടുരക്ഷിക്കുവാൻ കഴിവുള്ളവളായതിനാലാണ്. ഈ അമ്മയ്ക്കു മാത്രമേ ഇതു സാധിക്കൂ എന്ന ബോധ്യമുള്ളതിനാലാണ്. ഞാൻ വിശ്വസിക്കുന്ന ഈ സഭയിലാണ് എനിക്ക് മിശിഹാ രക്ഷയുടെ കൂദാശകൾ നൽകിയിരിക്കുന്നത്. ഈ സഭയെയും സഭയിൽ ജീവിക്കുന്ന ഈശോയെയും രക്ഷയ്ക്കുള്ള ഏകമാർഗ്ഗമായി ഞാൻ കണ്ടെത്തിയിരിക്കുന്നു.

എന്റെ അമ്മയെ ഞാൻ സ്നേഹിച്ചത്, അവൾ ലോകത്തിലെ ഏറ്റവും സുന്ദരിയും, വിജ്ഞാനിയും സമ്പന്നയും ഒന്നുമായിരുന്നതിനാലല്ല, അവളുടെ ജീവരക്തമാണ് എനിക്ക് ജീവൻ തന്നതും ജീവൻ നിലനിർത്തിയതും, അവളെ ഭക്ഷിച്ചാണ് ഞാൻ വളർന്നത്, അവൾ വിളമ്പിയതാണ് എന്റെ ജീവനെ നിലനിർത്തിയത്, ആ കരങ്ങളാണ് എന്നെ നടത്തിയത്, തഴുകിയത്, ആശ്വസിപ്പിച്ചത്. അമ്മയെന്ന ഗുരുവിനേക്കാൾ വലിയൊരു ഗുരു എനിക്കില്ല. എന്റെ അമ്മ എന്റെ ദൈവത്തിന്റെ ആൾ രൂപമാണ്. എന്റെ സഭ എന്റെ ആത്മീയജീവിതത്തിലും ഭൗതിക ജീവിതത്തിലും പെറ്റമ്മയെപോലെ വർത്തിക്കുന്നു. എന്റെ പെറ്റമ്മയെപോലും അത്തരത്തി ലെനിക്കു തന്നത് സഭാമാതാവാണ്. അമ്മയായ സഭ വിശ്വാസത്തിൽ നമ്മെ ജനിപ്പിച്ചു, അനേകർ അവളുടെ ഉദരമാകുന്ന മാമ്മോദീസതൊട്ടിയിൽ ജന്മമെടുക്കുന്നു. അവളിലൂടെ ദൈവപിതാവൊഴുക്കുന്ന ജീവരസത്തിന്റെ അരുവികളായ കൂദാശകളിലൂടെ സഭ നമ്മെ പോറ്റിവളർത്തുന്നു.

ഇത്തരത്തിൽ സഭയെ കാണാൻ കഴിയുന്നവർക്ക് ചോദ്യങ്ങൾക്ക് ഉത്തരമുണ്ട്. എന്റെ അമ്മ ഞാൻ വിജയിച്ചെത്തിയപ്പോഴോ, പുരോഹിതനായപ്പോഴോ നന്മകളുടെ നിമിഷങ്ങളിലോ മാത്രമല്ല എന്നെ സ്നേഹിച്ചത്. അത്തരം അവസരങ്ങളെക്കാൾ ആ അമ്മയുടെ സ്നേഹം അനുഭവവേദ്യമായത്, എനിക്ക് മുറിവേറ്റപ്പോൾ എന്നെക്കാൾ കണ്ണീർ ചിന്തിയ അമ്മയുടെ മുഖം കണ്ടപ്പോഴാണ്. എനിക്ക് രോഗം വന്നപ്പോൾ ആകുലചിത്തയായി ഉറക്കമിളച്ചു കാത്തിരുന്നപ്പോഴാണ്. എന്റെ മുഖം വാടിയപ്പോഴും എനിക്ക് വിശന്നപ്പോഴും ഓടിയെത്തിയ അമ്മയുടെ രൂപത്തിലാണ് ഞാൻ സ്നേഹം കണ്ടെത്തിയത്. സ്കൂൾ വിട്ടുവരുമ്പോൾ, കാത്തിരുന്ന്, അദ്ധ്വാനിച്ചു തഴമ്പുപിടിച്ച കൈകളിൽ എന്റെ ബാഗ് പിടിച്ച് വീട്ടിലേക്കു കൈപിടിച്ച് നടക്കുന്ന അമ്മയുടെ സംരക്ഷണത്തിന്റെ അനുഭവം... അതു മറ്റൊരിടത്തും ലഭിക്കില്ല.

വി. പൗലോസ് ശ്ലീഹാപറയുന്നതുപോലെ, ആഗ്രഹിക്കുന്ന നന്മയേക്കാൾ തിന്മചെയ്യുന്ന എന്നെ, ജീവിതത്തിൽ തളരുന്ന എന്നെ, വാരിപ്പുണരുന്ന ഒരു സഭയുണ്ടെനിക്ക് അമ്മയായി. പാപിയായ എന്നെ പോറ്റുന്നതിന്റെ പേരിൽ പഴിചാരലുകൾ ഏറ്റെടുക്കേണ്ടിവരുന്ന ഒരു സഭാമാതാവുണ്ടെനിക്ക്. ഇത്തരത്തിൽ സഭയെ കാണാൻ കഴിയാത്തവർക്ക്, മക്കൾക്കടുത്ത സ്നേഹത്തോടെ സഭയെ അഭിമുഖീകരിക്കാത്തവർക്ക് വിമർശകരുടെ മുമ്പിൽ സഭയോടു ചേർന്നുനിൽക്കാനാവില്ല.

സഭാമാതാവിന്റെ മാറിലേക്ക് ചാരിയിരിക്കാൻ, സഭയെ നമ്മോട് ചേർത്താശ്ലേഷിക്കാൻ നമുക്ക് കഴിയണം. ഈ അമ്മയുടെ മക്കളെന്ന നിലയിൽ അഭിമാനിക്കാനാവണം. കാരണം സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്തയുമായി എത്തിയ ഈശോമിശിഹായുടെ തുടർച്ചയായ സഭയും സകലജനത്തിനുമുള്ള സദ്‌വാർത്തയാണ്, സുവിശേഷമാണ്. അവിടെ ജാതിയില്ല, വർഗ്ഗമില്ല, വർണ്ണമില്ല, അശുദ്ധനോ വിശുദ്ധനോ എന്ന വ്യത്യാസമില്ല, പാപിയെന്നോ പുണ്യവാനെന്നോയുള്ള തരംതിരിവില്ല. എല്ലാവർക്കും എല്ലാമാകാൻ നിയുക്തയാണ് സഭ. എല്ലാവരെയും വാരിപ്പുണരാൻ കാൽവരിയിൽ ഇരുകരങ്ങളും വിരിച്ചവൻ, സകലർക്കും തന്റെ ഹൃദയത്തിൽ പ്രവേശിക്കുവാൻവേണ്ടി തന്റെ വിലാവ് കുത്തിതുറക്കാൻ അനുവദിച്ചവൻ, ഇതാ സഭയുടെ ശിരസ്സായി നിലകൊള്ളുന്നു. സഭയുടെ തുറക്കപ്പെട്ട ഹൃദയമാണ് അവളുടെ ദൈവാലയങ്ങൾ; അവിടെനിന്നും ഒഴുകുന്ന കൃപയുടെ നീർച്ചാലുകളാണ് കൂദാശകൾ. മിശിഹായുടെ തുറക്കപ്പെട്ട ഹൃദയത്തിൽനിന്നും മനുഷ്യ രക്ഷക്കായി ഒഴുക്കിയ രക്തവും ജലവും സകലരുടെയും രക്ഷയ്ക്കായി ഇന്നും സഭയുടെ കൂദാശകളിലൂടെ നൽകപ്പെടുന്നു. ജനസഞ്ചയം ചുറ്റും കൂടിനിന്ന് അവിടുത്തെ ആക്ഷേപിക്കുമ്പോഴും ആ കുരിശിൻ ചുവട്ടിൽ ചേർന്നുനിന്ന പാപിനിയായിരുന്ന മറിയവും പരിശുദ്ധ മറിയവും ശിഷ്യനായ യോഹന്നാനും നമ്മെ പ്രതിനിധാനം ചെയ്യട്ടെ; പാപിനിയുടെ സാന്നിധ്യംമൂലം കാലങ്ങൾ കഴിഞ്ഞിട്ടും അവിടുത്തെ ആക്ഷേപിക്കുന്ന ആവിഷ്കാരസ്വാതന്ത്രവാദികൾ ഇന്നുമുണ്ടല്ലോ.

# നിസ്സഹായനായ സർവശക്തൻ!

ഷിനി തെരേസ് മുതുപ്ലാക്കൽ

**ജീ**വിതം ബലി നല്കിയ ധീരജവാന്മാരുടെ രക്തംപുരണ്ട പുൽവാമയിലെ മണ്ണ് ഈ അക്ഷരങ്ങൾ കോറിയിടുമ്പോഴും ഉണങ്ങിയിട്ടുണ്ടാവില്ല. അവരുടെ കുടുംബങ്ങളിലെ കണ്ണീർ ഇനിയും വറ്റിയിട്ടുമില്ല. അച്ഛനെന്നു വിളിക്കാൻ ഇനിയാരുമില്ല എന്ന തിരിച്ചറിവു പോലുമാകാത്ത അവരിൽ പലരുടെയും കുട്ടികൾ എല്ലാവർക്കുമൊരു നൊമ്പരക്കാഴ്ചയായി... വളരുന്ന ഭീകരത ഉയർത്തുന്ന ചില വെല്ലുവിളികളുടെ നേർക്കാഴ്ച! എന്തേ ദൈവം ഇതൊന്നും കാണുന്നില്ല? എന്തേ അവിടുന്ന് നിശബ്ദനാകുന്നു...?

രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പുള്ള ഈശോയുടെ കാൽവരിയിലെ അന്ത്യനിമിഷങ്ങൾ... അതിനിന്ദ്യമായ ക്രൂശുമരണത്തിന്റെ അതികഠോരമായ ശാരീരികസഹനങ്ങൾക്കൊപ്പം ഈശോ നേരിട്ട മാനസികസംഘർഷവും ചെറുതായിരുന്നില്ല. കാണികളിൽ ചിലർ ഈശോയുടെ ദൈവത്വത്തെ വെല്ലുവിളിച്ചു: "ദൈവാലയം നശിപ്പിച്ച് മൂന്നു ദിവസംകൊണ്ട് അതു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരുക" (മത്താ 27,40). പ്രധാനപുരോഹിതന്മാരും നിയമജ്ഞരും പ്രമാണികളും പരിഹാസത്തിന്റെ തോത് ഒട്ടും കുറച്ചില്ല: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്തന്നെ രക്ഷിക്കാൻ ഇവനു സാധിക്കുന്നില്ല. ... അവനോടൊപ്പം ക്രൂശിക്കപ്പെട്ട കവർച്ചക്കാരും ഇപ്രകാരംതന്നെ അവനെ പരിഹസിച്ചു" (മത്താ 27,42.44). മൂന്നുവർഷം നിഴലുപോലെ ഒപ്പം നടന്നിരുന്ന ശിഷ്യന്മാരും കാണാമറയത്തായി. തെല്ലൊരു ആശ്വാസക്കാഴ്ച തന്റെ അമ്മയും പ്രിയശിഷ്യനും ഏതാനും സ്ത്രീകളും മാത്രമായിരുന്നു. ദൈവപിതാവിന്റെ നിശബ്ദതയും ഈശോയെ ഏറെ വേദനിപ്പിച്ചിരിക്കണം. വേദനയുടെ മൂർദ്ധന്യാവസ്ഥയിൽ ഈശോ ഉച്ചത്തിൽ നിലവിളിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു?" (മത്താ 27,46). എന്തേ ദൈവം ഇതൊന്നും കേൾക്കുന്നില്ല? എന്തേ അവിടുന്ന് നിശബ്ദനാകുന്നു...?

സർവശക്തനായ പുത്രൻതമ്പുരാൻ നിസ്സഹായനാകുന്ന കാഴ്ച... മാനുഷികമായി നോക്കിയാൽ പരാജയപ്പെട്ട ഒരു മനുഷ്യജന്മം...! ഈശോയുടെ സമകാലികരിൽ പലരും പാഴ്ജന്മം എന്നു കരുതിയ, കുരിശുമരണത്തോടെ അവസാനിച്ചു എന്നു കരുതിയ, ഈശോയുടെ ജീവിതം എങ്ങനെ ലോകരക്ഷയ്ക്ക് ഹേതുവായി എന്നത് പിന്നീടുള്ള ചരിത്രം! ഈശോയുടെ സഹനവും പിതാവിന്റെ നിശബ്ദതയുമൊക്കെ മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു, അത് രക്ഷാകരമായിരുന്നു എന്നത് തിരിച്ചറിയാൻ പരിശുദ്ധാത്മശക്തി ആവശ്യമായിത്തീർന്നുവെന്നുമാത്രം.

ദൈവം സർവശക്തനാണ്. എന്നാൽ മനുഷ്യരുടെ മുമ്പിൽ സർവശക്തൻ പലപ്പോഴും നിസ്സഹായനായിത്തീരുന്നു. താൻ കൊടുത്ത സ്വാതന്ത്ര്യം ദുരുപയോഗിച്ച് തിന്മയുടെ വഴിയെ മനുഷ്യർ ചരിക്കുമ്പോൾ അവിടുന്ന് നിസ്സഹായനായിത്തീരുന്നു. ഈശോ ജറുസലേമിനെ നോക്കി വിലപിച്ചു: "ജറുസലേം, ജറുസലേം, പ്രവാചകന്മാരെ വധിക്കുകയും നിന്റെ അടുത്തേക്ക് അയയ്ക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്ന



തുപോലെ നിന്റെ സന്തതികളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ വിസമ്മതിച്ചു” (മത്താ 23,27).

ഈശോയുടെ ഈ വിലാപം അവസാനിച്ചുവോ...? ജീവിതം മുഴുവൻ ബലിയായി നല്കി താൻ വീണ്ടെടുത്തുകൊടുത്ത രക്ഷയുടെ പാത ഉപേക്ഷിച്ച് തിന്മയുടെ വഴിയേ ചരിക്കുന്ന ഓരോ മനുഷ്യവ്യക്തിയെയും നോക്കി അവിടുന്ന് ഇപ്പോഴും വിലപിക്കുന്നുണ്ടാവാം... സ്നേഹത്തിന്റെ കുളിർമ്മയും സംരക്ഷണവും നല്കി തന്റെ ചിറകിൻ കീഴിൽ നമ്മെ ഓരോരുത്തരെയും സൂക്ഷിക്കാൻ അവിടുന്ന് ആഗ്രഹിക്കുമ്പോഴും അതിനു വിസമ്മതിച്ച് നമുക്കു ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗിക്കുന്നതിനാൽ തിന്മയുടെ നഖങ്ങൾക്കിടയിൽ പിടയുന്ന നമ്മെ നോക്കി അവിടുന്ന് ഇന്നും വിലപിക്കുന്നുണ്ടാവാം.

വലിയ ഭീകരപ്രവർത്തനങ്ങളെ നാം അപലപിക്കും. എന്നാൽ നമ്മിലുള്ള ഭീകരതയുടെ മുഖമായ സ്നേഹക്കുറവുകളെ നാം പലപ്പോഴും തിരിച്ചറിയാറില്ല. നിഷ്ഠൂരമായ കൊലപാതകവാർത്തകളൊക്കെ നമ്മിൽ ഞെട്ടലുളവാക്കുമ്പോൾ നാം തിരിച്ചറിയാതെപോകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട് – തെറ്റായ വിധിതീർപ്പുകളിലൂടെ നാം എത്ര പേരെ, ശാരീരികമായല്ലെങ്കിലും, വധിച്ചിരിക്കുന്നു! സ്നേഹത്തിനു വിരുദ്ധമായ നിലപാടുകളിലൂടെ എത്ര പേരുടെ മനസ്സുകളിൽ ആഴത്തിൽ മുറിവേല്പിച്ചിരിക്കുന്നു! സ്നേഹരാഹിത്യമാണല്ലോ എല്ലാ തിന്മകൾക്കും തണലായിമാറുന്നത്. ദൈവസ്നേഹത്തിനും പരസ്നേഹത്തിനുമെതിരായ ചിന്തകളെയും പ്രവൃത്തികളെയും മനോഭാവങ്ങളെയും നമുക്ക് ഈശോയുടെ കുരിശിൻചുവട്ടിൽ ഉപേക്ഷിക്കാം. കുരിശുമരണത്തിലൂടെ അവിടുന്നു നേടിത്തന്ന രക്ഷ നമുക്കു സ്വന്തമാക്കാം. തിന്മയുടെ ചെയ്തികളെ കണ്ടെടുത്തുപേക്ഷിക്കാനുള്ള അവസരമായി ഈ നോമ്പുകാലം നമുക്ക് തീരട്ടെ. സഹനങ്ങളെ രക്ഷാകരമാക്കി മാറ്റാനുള്ള വിശ്വാസദാർഢ്യം നമുക്കു ലഭിക്കുകയും ചെയ്യട്ടെ.


"ശിമയോൻ അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്റെ അമ്മയായ മറിയത്തോടു പറഞ്ഞു: "... നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും". ഭൂമിയിൽ സ്ത്രീകളിൽ അനുഗൃഹീത എന്നു പ്രകീർത്തിക്കപ്പെടുന്നവളാണ് പരി. കന്യകാമറിയം. രക്ഷകനെ ലോകത്തിനു പ്രദാനം ചെയ്ത അവളുടെ ജീവിതം അനേകർക്ക് അനുഗ്രഹത്തിന്റെ, സന്തോഷത്തിന്റെ വഴിയാകുകയായിരുന്നു. തന്റെ ഉദരത്തിൽ ജന്മമെടുത്ത ദൈവപുത്രന്റെ ജീവിതം ധ്യാനമാക്കിയ ആദ്യത്തെ സക്രാരിയാണവൾ; മകൻ അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും ഇടയാകുന്നതു കണ്ട്, തർക്കവിഷയമാകുന്നതു കണ്ട് നെഞ്ചിടിപ്പോടെ ദൈവികപദ്ധതിയുടെ വഴികളിലേക്ക് ഊളിയിട്ട് എല്ലാം മനനം ചെയ്ത തപസ്വിനിയാണവൾ. കല്ലെറിയപ്പെടുമെന്നും അപമാനിക്കപ്പെടുമെന്നുമറിഞ്ഞിട്ടും ദൈവഹിതത്തിന് ആമ്മേൻ പറയാൻ മറിയത്തിനു സാധിച്ചത് അവിടുത്തേക്ക് അസാദ്ധ്യമായതൊന്നുമില്ല എന്ന വിശ്വാസത്തിന്റെ പിൻബലമാണ്.

കഷ്ടതയുടെ അനുഭവങ്ങളിലൂടെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി അവൾ പുത്രനോടു സഹകരിച്ചത്.

തന്റെ സുവിശേഷവെളിച്ചം വിജാതീയർക്കു നൽകാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമായി പൗലോസിനെ കർത്താവു നിയോഗിച്ചതും സഹനത്തിന്റെ മാനദണ്ഡം വഴിയാണ്. സഭയുടെ ചരിത്രത്തിലേക്കു നോക്കിയാൽ, മിശിഹായുടെ ശരീരമായ സഭയെ പരിപോഷിപ്പിക്കാൻ സഹനത്തിന്റെ തീച്ചൂളയിൽ ഉരുകിയമർന്ന അനേകലക്ഷങ്ങളുടെ ജീവത്യാഗത്തിന്റെ അവിസ്മരണീയ മുഹൂർത്തങ്ങൾ കാണാനാകും. ഇന്നും സഭയുടെ മക്കൾ ബലിയാടുകളായി നുറുക്കപ്പെടുന്ന അവസ്ഥാവിശേ



**"ഈശോയേ, സഹനങ്ങളെ എന്റെ വിശുദ്ധീകരണത്തിന്റെയും മഹത്ത്വീകരണത്തിന്റെയും ചവിട്ടുപടികളാക്കി അങ്ങു മാറ്റണമേ"**
**(ദൈവദാസൻ ബിഷപ് വില്യം ജകൗീന്താ)**



**പിതൃമൊഴി**
**3**

ഷമാണ് നമുക്കു ചുറ്റും സംജാതമാകുന്നത്. അതുകൊണ്ട് സഹനം അവശ്യം ക്രൈസ്തവ ജീവിതത്തിന്റെ ഭാഗമായി സ്വീകരിക്കാനും അതിൽ സന്തോഷിക്കാനും ഈശോയുടെ കുരിശോടു ചേർത്ത് നമ്മുടെ കുരിശുകളെ സമർപ്പിക്കാനും നമുക്കു സാധിക്കണം.

'സഹനം മാറ്റിത്തരണേ' എന്നാണ് നമ്മിൽ പലരുടെയും പ്രാർത്ഥന. എന്നാൽ അങ്ങനെയാവരുത് നമ്മുടെ അപേക്ഷകൾ. കാരണം സഹനത്തിലൂടെ മാത്രമേ നന്മയും രക്ഷയും കൈവന്നിട്ടുള്ളു. അദ്ധ്യാപകനും വിദ്യാർത്ഥിയും ഡോക്ടറും കർഷകനും എന്നല്ല ജീവിതത്തിന്റെ ഏതു രംഗങ്ങളിൽ ഉള്ളവരും അദ്ധ്വാനത്തിന്റെയും സഹനത്തിന്റെയും വഴികൾ താണ്ടിയാണ് ലക്ഷ്യത്തിലെത്തിച്ചേരുന്നത്. അതുകൊണ്ട് സഹനത്തെ മാറ്റിനിർത്തിയുള്ള ഒരു ജീവിതം ചിന്തിക്കാൻ നമുക്കാവില്ല. നമ്മുടെ കുടുംബങ്ങളുടെ, സമൂഹത്തിന്റെ, ലോകത്തിന്റെ രക്ഷയ്ക്ക് ഈശോ തരുന്ന സഹനങ്ങളെ ഏറ്റെടുക്കുമ്പോഴാണ് അത് രക്ഷാകരമായ സഹനമായി മാറുന്നത്.

ദൈവം അനുവദിക്കുന്ന സഹനമുണ്ട്. നാം സ്വയം വരുത്തിവയ്ക്കുന്ന ചില സഹനവുമുണ്ട്. 1 പത്രോ 4,15-ൽ പറയുന്നു: "നിങ്ങളിലാരും തന്നെ കൊലപാതകിയോ മോഷ്ടാവോ ദുഷ്കർമ്മിയോ പരദ്രോഹിയോ ആയി പീഡ സഹിക്കാൻ ഇടയാകരുത്". അശ്രദ്ധ, തെറ്റായ ജീവിതരീതി, സ്വാർത്ഥ പ്രതിപത്തി ഇവയിലൂടെയൊക്കെ മിക്കവാറും സഹനങ്ങൾ നമ്മെ തേടിവരാറുണ്ട്. അത് ഒരിക്കലും ദൈവം ആഗ്രഹിക്കുന്നതല്ല. അങ്ങനെയുള്ള സഹനങ്ങളെ ഒഴിവാക്കാനുള്ള വിവേകവും അറിവും മനുഷ്യന് ദൈവം നല്കിയിട്ടുള്ളത് ശരിയായി വിനിയോഗിക്കാൻ മനസ്സാകാത്തതാണ് സഹനങ്ങളായി നമ്മുടെ ജീവിതത്തിൽ പ്രവേശിക്കാൻ കാരണമാകുന്നത്.

1 പത്രോ 4,16-ൽ പറയുന്നു, "ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഡ സഹിക്കുന്നതെങ്കിൽ അതിൽ അവൻ ലജ്ജിക്കാതിരിക്കട്ടെ. പിന്നെയോ, ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്ത്വപ്പെടുത്തട്ടെ". പീഡനങ്ങൾ ശാരീരികം മാത്രമല്ലല്ലോ. മാനസികമായ സഹനങ്ങളും നമ്മുടെ നന്മയ്ക്കായി ക്രമീകരിക്കപ്പെടുന്നവയാണെന്ന് നമുക്കു മറക്കാതിരിക്കാം. മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുന്നതും, ആരോപണങ്ങൾ നിശ്ശബ്ദമായി സഹിക്കുന്നതും കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും ശാന്തതയോടെ സ്വീകരിക്കുന്നതും ഹൃദയത്തിൽ വാൾ കടക്കുന്ന അനുഭവങ്ങളാകും നമുക്കു നല്കുക. എന്നാൽ ഒന്നോർക്കുക, ഈശോയിൽ ജീവിക്കുന്നവന് സഹനം വിശുദ്ധീകരണത്തിനുള്ള ഉപാധിയാണ്. അതുകൊണ്ട് സഹനം ക്രിസ്ത്യാനിയുടെ അഭിമാനമായി മാറട്ടെ. വിശുദ്ധിയുടെ വഴികൾ കുരിശിന്റെ വഴികളാണെന്ന ഓർമ്മ ഈശോയുടെ കുരിശിനോട് നമ്മെ ചേർത്തുനിർത്തട്ടെ.

# വിഭൂതി ആചരണം



റവ. ഫാ. ബിബിൽ
പുന്നയ്ക്കതടത്തിൽ
കല്യാൺ രൂപത

കത്തോലിക്കാസഭാകൂട്ടായ്മയിലുള്ള ലത്തീൻ സഭാപാരമ്പര്യത്തിൽ വലിയ നോമ്പാചരണം വിഭൂതിയോടുകൂടി ആരംഭിക്കുന്നു. അതിന്റെ സ്വാധീനത്തിൽ സീറോ മലബാർസഭയിലും നോമ്പിന്റെ ആദ്യ തിങ്കളാഴ്ച ഈ ആചരണം നടക്കുന്നുണ്ട്. മനുഷ്യന്റെ പാപപങ്കിലമായ അവസ്ഥകളിൽനിന്ന് ലോകത്തിന്റെ പ്രകാശമായ മിശിഹായിലേക്ക് ഉള്ള ഒരു യാത്രയാണ് വിഭൂതിതിരുനാൾ നമ്മിൽനിന്ന് ആവശ്യപ്പെടുന്നത്. വിഭൂതി തിരുനാൾ കരിക്കുറി പെരുനാൾ, കുരിശുവര പെരുനാൾ എന്നീ വ്യത്യസ്ത നാമങ്ങളിൽ അറിയപ്പെടുന്നു. വിഭൂതി എന്ന വാക്കിനർത്ഥം ചാരം എന്നാണ്. മനുഷ്യനെ കത്തിച്ചുകഴിയുമ്പോൾ അവൻ ചാരമായി തീരുന്നു. കുഴിച്ചിട്ടാൽ മണ്ണിനോട് അലിഞ്ഞുചേരുന്നു. ഉൽപത്തിയുടെ പുസ്തകത്തിൽ നാം കാണുന്നത്, "മനുഷ്യാ, നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ നീ മടങ്ങും" എന്നാണ്. ഇവിടെ നമ്മൾ കാണുന്നത് മനുഷ്യജീവിതത്തിന്റെ ഹ്രസ്വതയാണ്.

ഹൈന്ദവ സംസ്കാരത്തിൽ ആളുകൾ ശബരിമലയ്ക്ക് തീർത്ഥയാത്രയായി പോകുന്നതു നമ്മൾ കണ്ടിട്ടുണ്ടാവും. 41 ദിവസത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനുംശേഷം ആണ് അവർ ശബരിമലയ്ക്ക് പോകുന്നത്. മലയ്ക്കു പോകുന്നതിനുമുമ്പ് മത്സ്യമാംസാദികൾ വർജ്ജിക്കുന്നു. എന്നും രാവിലെ ശരീരശുദ്ധി വരുത്തി അമ്പലത്തിൽ പോയി വന്നിട്ടേ അവർ തങ്ങളുടെ അടുത്ത പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളു. അവസാനം 41-ാം ദിവസം എല്ലാവരോടും യാത്രപറഞ്ഞ് ശബരിമലയിലേക്ക് യാത്ര തിരിക്കുന്നു. ഇത് വികാരനിർഭരമായ ഒരു യാത്രയാണ്. കാരണം ശബരിമലയിലേക്ക് യാത്ര തിരിക്കുന്നവർ ഒരിക്കലും തങ്ങളുടെ ലക്ഷ്യം പൂർത്തിയാക്കാതെ പിൻതിരിഞ്ഞു നോക്കുകയില്ല. സ്വന്തം അപ്പനോ അമ്മയോ സഹോദരങ്ങളോ ബന്ധുമിത്രാദികളോ ആരുടെതന്നെ വിയോഗംപോലും അവരെ ലക്ഷ്യത്തിൽനിന്ന് വ്യതിചലിപ്പിക്കുകയില്ല.

വിഭൂതി തിരുനാൾ ഇതുപോലെ തീവ്രമായ ഒരു തയ്യാറെടുപ്പ് ആണ്. ഏഴു ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഒരു യജ്ഞത്തിലൂടെ കാൽവരിയിലേക്ക് ഒരു തീർത്ഥയാത്രയ്ക്കായി നാം ഒരുങ്ങുകയാണ്. ഈശോയെ പിൻചെല്ലുകയാണ് നമ്മുടെ ലക്ഷ്യം. വിഭൂതിതിരുനാൾ നമ്മെ എല്ലാവരെയും ഓർമ്മിപ്പിക്കുന്ന സത്യമിതാണ്. മനുഷ്യജീവിതം എന്നത് പുൽക്കൊടിക്ക് തുല്യമാണ്. വെയിൽ ഏൽക്കുമ്പോൾ അത് വാടിപ്പോകുന്നു. അതിനാൽ മനുഷ്യജീവിതത്തിന്റെ ഹ്രസ്വത മനസ്സിലാക്കി അനുതാപത്തോടെ ദൈവത്തിങ്കലേക്ക് തിരിയുവാനുള്ള ഒരു അവസരം ആണ് ഈ നോമ്പുകാലം നമ്മുടെ മുമ്പിൽ വയ്ക്കുന്നത്.

# സ്നേഹമാണെനിക്കീശോ



സക്രാരിതന്നിൽ നിത്യം വാഴും
സത്യത്തിൻ രൂപം നീ
എന്റെ ഹൃദയത്തിൽ ജീവനായി വാഴും
സ്നേഹത്തിൻ രൂപം നീ
സ്നേഹിക്കാം നമുക്കൊന്നുചേർന്ന്
വാഴ്ത്താം നമുക്കൊന്നുചേർന്ന്
നിത്യസ്തുതിക്ക് യോഗ്യനായവനേ
വാഴ്ത്താം സ്തുതിക്കാം സ്നേഹിക്കാം
വാഴ്ത്താം സ്തുതിക്കാം സ്നേഹിക്കാം
കരുതുന്ന സ്നേഹമാണെനിക്കീശോ
മുറിയുന്ന സ്നേഹമാണെനിക്കീശോ
സക്രാരിയിൽ വാഴുന്നവൻ
സ്നേഹിക്കാൻ പഠിപ്പിച്ചവൻ
എന്നെന്നും കരുതുന്ന കരുണാമയൻ
അലിവേറും സ്നേഹമാണെനിക്കീശോ
പാദങ്ങൾ കഴുകുന്നവനാണീശോ
അപ്പത്തിൻ രൂപത്തിലാഴ്ന്നവൻ
കരുണയാകാൻ പഠിപ്പിച്ചവൻ
എന്നെന്നും തണലായി നില്ക്കുന്നവൻ

**സ്റ്റെല്ലാ സ്റ്റീഫൻ**
**കുളമാവ്**



# വി. അലോഷ്യസ് ഗോൺസാഗ

നന്മ മങ്ങാടൻ

**ചി**തലരിക്കുന്ന ലോകനേട്ടങ്ങളിൽ കണ്ണുടക്കി, നശ്വരമായ സമ്പത്തിൽ ശരണംവച്ച്, നിത്യസൗഭാഗ്യങ്ങളായി ലോകസന്തോഷങ്ങളെ കണ്ട് അവയെ പുൽകുന്നവരുടെ മുമ്പിൽ ഇതാ ഒരു വെല്ലുവിളി.

മാർകിസ് ഫെർഡിനാന്റോയുടെയും ഡോണാ മർത്തയുടെയും ദാമ്പത്യജീവിതത്തിലെ ആദ്യ സമ്മാനമായിരുന്നു അലോഷ്യസ് ഗോൺസാഗ. മാന്തുവായിലെ ഭരണാധികാരി ഫെർഡിനാന്റോയുടെ സ്വപ്നം മകന്റെ മാടമ്പി സ്ഥാനമായിരുന്നു. എന്നാൽ ഡോണാ തന്റെ കുഞ്ഞ് വിശുദ്ധനായ ഒരു വൈദികനായി ദിവ്യബലി അർപ്പിക്കുന്നതും സ്വപ്നം കണ്ടു നടന്നു. രണ്ടാമൻ റുഡോൾഫും അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നു. ഒരുനാൾ റുഡോൾഫിനെയും കൂട്ടിയുള്ള യാത്രാമദ്ധ്യേ അലോഷ്യസ് ഈശോസഭാ ആശ്രമത്തിലെത്തുകയും അവിടെ രണ്ടാളും താമസിക്കുകയും ചെയ്തു. 'ഇനി ഞാൻ വീട്ടിലേക്കില്ല' എന്നു പറഞ്ഞ് അലോഷ്യസ് അനുജനെ വീട്ടിലേക്ക് വിട്ടു. ഇതറിഞ്ഞ അപ്പൻ ഫെർഡിനാന്റോ ഭൃത്യരെ അയച്ച് അലോഷ്യസിനെ തിരികെ കൊണ്ടുവന്നു. വീട്ടിലെത്തിയ മകൻ അപ്പനോട് പറഞ്ഞു: "അപ്പാ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അതിനെക്കാൾ അധികമായി ഞാൻ എന്റെ ദൈവത്തെ സ്നേഹിക്കുന്നു.

ഞാൻ എന്റെ ദൈവത്തിനുള്ളവനാണ്. കാരണം അപ്പനെക്കാൾ അധികമായി ദൈവം എന്നെ സ്നേഹിക്കുന്നു. ഞാൻ ദൈവത്തിന്റേതാണ്". ക്ഷുഭിതനായ അപ്പൻ മകനെ ഇറക്കിവിട്ടു-"എനിക്ക് നിന്നെ കാണേണ്ടാ". നേരം ഇരുട്ടിയിട്ടും മകനെ കാണാതെ അപ്പനും അമ്മയും അന്വേഷിച്ചപ്പോൾ വീടിന് പുറത്ത് പരിചാരകരുടെ മുറിയിൽ ക്രൂശിതരൂപത്തിനു മുമ്പിൽ മുട്ടുകുത്തി ചാട്ടവാറാൽ സ്വയം പ്രഹരിക്കുന്ന അലോഷ്യസിനെയാണ് കണ്ടത്. അപ്പൻ നിറകണ്ണോടെ അവന് പൗരോഹിത്യജീവിതത്തിന് അനുമതി നൽകി. അലോഷ്യസ് മൂത്ത മകനായതിനാൽ മാടമ്പി സ്ഥാനവും സ്വത്തിന്മേലുള്ള അവകാശവും പരസ്യമായി ഉപേക്ഷിച്ചുവേണം ഇറങ്ങി പുറപ്പെടുവാൻ. അതുകൊണ്ട് വിളിച്ചുകൂട്ടപ്പെട്ട കുടുംബസമ്മേളനത്തിൽ അലോഷ്യസ് ഇങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു: "മാർക്വിസ് ഫെർഡിനാന്റോയുടെയും ഡോണാ മർത്തയുടെയും മൂത്തമകനായ അലോഷ്യസ് ഗോൺസാഗ എന്ന ഞാൻ തലമുറയായി കൈമാറ്റം ചെയ്തുവരുന്ന മാടമ്പി സ്ഥാനവും കസ്റ്റിഗ്ലിയോൺ കൊട്ടാരത്തിന്റെ കീഴിലുള്ള സകല സ്ഥാവരജംഗമവസ്തുക്കളും പൂർണ്ണമനസ്സോടും അതിലേറെ സന്തോഷത്തോടുംകൂടി എന്റെ ഈശോയ്ക്കുവേണ്ടി ഞാൻ ഉപേക്ഷിക്കുന്നു. ഇനി ഇവ ഒന്നിന്റെമേലും എനിക്കൊരവകാശവും ഉണ്ടായിരിക്കുന്നതല്ല. എല്ലാം സഹോദരനായ റുഡോൾഫിനു കൈമാറുന്നു".

അടുത്തുനിന്നിരുന്ന റുഡോൾഫിനോട് അലോഷ്യസ് ഇങ്ങനെ ചോദിച്ചു: "സഹോദരാ, ഞാനോ താനോ ആരാണ് കൂടുതൽ സന്തോഷവാൻ?". അവൻ സ്വയം പറഞ്ഞു: "തീർച്ചയായും ഞാൻ തന്നെ".

വിശുദ്ധാത്മാക്കൾ ആത്മീയാനന്ദത്തിന്റെ കുറുക്കുവഴികൾ കണ്ടെത്തിയവരാണ്. ദൈവത്തോടുള്ള മമത ലോകവസ്തുക്കളിൽ നിന്നും അവരെ അകറ്റി നിർത്തുന്നു. ലോകം നൽകുന്ന സന്തോഷം നശിച്ചുപോകുന്നതും നിലനില്പില്ലാത്തും നിത്യസന്തോഷം പ്രദാനം ചെയ്യാത്തതുമാണെന്ന് തിരിച്ചറിയുന്നവരാണ് വിശുദ്ധർ. വിശുദ്ധ കുരിശിന്റെ രാജകീയ പാതയിലൂടെയാണ് അവരുടെ യാത്ര.

## Spirituality Centre Programme

**March**

| | |
|---|---|
| 02 | Social Animators |
| 09 | School of Bible |
| 12 | Bible Study Forum |
| 12-13 | Cenacle Gathering (Sodales & Aspirants) |
| 16 | Recollection for Oblates |
| 24-29 | Liturgical Retreat |

ലോകം മുഴുവന്റെയും രാജാവായിരിക്കുന്നതിനേക്കാൾ നല്ലത് ദൈവത്തിന്റെ ഒരു കുഞ്ഞായിരിക്കുന്നതാണ്.

വി. അലോഷ്യസ് ഗോൺസാഗ




**ഒന്നാം ദിവ്യരഹസ്യം:**

ഓരോ നിമിഷവും തിന്മയോടു പടവെട്ടി, ഞങ്ങളിലുള്ള പാപമുള്ളുകളെ എരിയിച്ചുകളഞ്ഞ് ദൈവസ്നേഹത്തിൽ വളർന്നു വരാൻ ആവശ്യകമായ മാനസാന്തരാനുഭവത്തിലേക്ക് കടന്നുവരുവാൻ പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

ഈ ലോകത്തിൽ പരിശുദ്ധമായ ഒരു ഹൃദയം കാത്തുസൂക്ഷിച്ചുകൊണ്ട് ആത്മാവിന്റെ രക്തസാക്ഷിത്വം വഹിക്കുവാനാവശ്യമായ ഇന്ദ്രിയനിഗ്രഹം എന്ന പുണ്യത്തിൽ വളർന്നുവരുവാൻ പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

എളിമയും ഹൃദയശാന്തതയുമുള്ള ഈശോയെ അനുകരിച്ച് ജീവിതത്തിലുണ്ടാകുന്ന എളിമപ്പെടുത്തലുകളെയും അവമാനങ്ങളെയും തുറന്ന മനസ്സോടെ സ്വീകരിച്ചു ജീവിക്കുവാൻ വേണ്ട കൃപ ലഭിക്കുവാൻ പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

സഹനാനുഭവങ്ങളിൽ പതറാതെ നിന്നുകൊണ്ട്, ഭയമേതുമില്ലാതെ ദൈവകരങ്ങളിൽ അഭയം തേടുവാനും അവിടുത്തെ ഇടപെടലിനായി കാത്തിരിക്കാനുമുള്ള ക്ഷമയെന്ന പുണ്യത്തിനായി പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

ലോകത്തിൽ മിശിഹായ്ക്കു ധീരതയോടെ സാക്ഷ്യം വഹിക്കുവാനും കുരിശിൽ അവിടുന്നു പ്രകടിപ്പിച്ച ആത്മാക്കളുടെ ദാഹം ശമിപ്പിക്കുവാനുമുള്ള തീക്ഷ്ണതയോടെ ജീവിക്കാനുള്ള കൃപ ലഭിക്കാനായി പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“ഇറ്റിറ്റുവീണ രക്തത്തുള്ളികളെക്കാളുപരി
സ്നേഹമാണ് കാൽവരിയിൽ ഇറ്റിറ്റു വീണത്.
രക്ഷാകരസ്നേഹത്തിലെ
ഏറ്റവും ആകർഷണീയമായ
വിഷയമാണ് ഈ
കരകവിഞ്ഞൊഴുകുന്ന
സ്നേഹം”
ദൈവദാസൻ ബിഷപ്
വില്യം ജക്വീന്താ

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th February 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"പാപം ചെയ്ത് ദൈവമഹത്ത്വം
ഇല്ലാത്തവരായിത്തീർന്ന ഞങ്ങളെ
സ്വരക്തം വിലയായി നല്കി നീതീകരിച്ച മിശിഹായേ,
നിന്നിലുള്ള വിശ്വാസത്തിൽ ആഴപ്പെട്ട്
നന്മയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാനും
പരിപൂർണതയിലേക്കു വളരുവാനും
ഞങ്ങളെ അനുഗ്രഹിക്കണമേ"
(നോമ്പുകാലം, ശനി - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal